# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 ലക്കം ഒക്ടോബർ 2019 വാർഷിക വരിസംഖ്യ ₹ 100




പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ

ആഴമായ വിശ്വാസത്തിന്റെ ഉടമയായ
പരിശുദ്ധ അമ്മേ,
ജീവിതത്തിലെ പ്രതിസന്ധികളുടെയും
പ്രശ്നങ്ങളുടെയും മധ്യത്തിൽ
ദൈവത്തിലുള്ള അടിയുറച്ച
വിശ്വാസത്തിൽ ഞങ്ങൾ
നിലനില്ക്കുവാനും
അങ്ങയെപ്പോലെ
ദൈവത്തെ
സ്തുതിക്കുവാനുമുള്ള
കൃപയ്ക്കായി അമ്മ
മാദ്ധ്യസ്ഥ്യം വഹിക്കണമേ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 37 പള്ളിക്കൂദാശ ലക്കം ഒക്ടോബർ 2019

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"* (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**പ്രിൻസി മൈലാടിയിൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**മെർലിറ്റ് അഞ്ചാനിക്കൽ എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- പള്ളിയാകുന്ന കൂദാശയും പള്ളിയുടെ കൂദാശയും 5
- സഭ: ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന സമൂഹം 8
- വി. മറിയം ത്രേസ്യാ 11
- ക്രിസ്തു ജീവിക്കുന്നു 13
- സെനക്കിൾ തരംഗം 15
- ഇസ്മയേൽ 16
- കാവലാൾ 18
- തണലിനു കീഴിൽ കുടയുമായി 20
- സ്ഥാനം 22
- വിശ്വസ്തത അണിയുക 24
- യാചിക്കുന്ന ദൈവം 27
- പൂർണ്ണതയിലെത്തുന്ന യാത്ര 29
- ഞാൻ ഈശോയുടേത് 30
- നാം കണ്ണുകൾ തുറക്കണം 32
- അമ്മയോടൊപ്പം 34

# സ്വർഗമുണ്ടോ?

**ദൈ**വത്തിന്റെ അസ്തിത്വത്തെ തള്ളിപ്പറയുന്ന നാസ്തികരുടെ സാന്നിദ്ധ്യം ലോകചരിത്രത്തിൽ എക്കാലവും ഉണ്ടായിട്ടുണ്ട്. ദൈവത്തെ നിഷേധിക്കുവാൻ അവർ കണ്ടെത്തുന്ന കാരണങ്ങൾ പലതാകാം. എന്നാൽ ഇന്ന് നിരീശ്വരവാദികളുടെ എണ്ണത്തേക്കാളധികം മറ്റു രീതികളിൽ ദൈവ നിഷേധം പുലർത്തുന്നവരുണ്ട്. ലൗകികമായ സുഖഭോഗങ്ങൾക്കുവേണ്ടിയും മറ്റു കാര്യലാഭങ്ങൾക്കുവേണ്ടിയും തിന്മയുടെ ശക്തിയെ പൂജിക്കുന്നവരിലും, ദൈവവിശ്വാസി ചമയുകയും എന്നാൽ തിന്മയുടെ പ്രവൃത്തിമാത്രം പിന്തുടരുകയും ചെയ്യുന്നവരിലും ക്രൈസ്തവനാമധാരികളുടെ എണ്ണം ഒട്ടും കുറവല്ല എന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്.

ദൈവത്തിന്റെ സ്നേഹത്തിലും മരണാനന്തരമുള്ള നിത്യജീവിതത്തിലും അന്ത്യവിധിയിലും സ്വർഗ-നരകത്തിലുമൊക്കെ വിശ്വസിക്കുന്നുണ്ടെങ്കിൽ എങ്ങനെ തിന്മയെ പുല്കാനാകും? വ്യക്തിപരമായി സ്നേഹിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യാവബോധം ഹൃദയത്തിൽ ആഴമായി വേരുറപ്പിച്ചിട്ടുണ്ടെങ്കിൽ, സ്വന്തം മതത്തെയും മാതാപിതാക്കളെയും മാറ്റിനിർത്തി വരും വരായ്കകൾ ചിന്തിക്കാതെ എങ്ങനെ ഇറങ്ങി പുറപ്പെടും? ഇന്നലെകളെ മറന്ന് ഇന്നലെക്കണ്ടവന്റെ പിന്നാലെ പായുവാൻ ലഭിക്കുന്ന പ്രേരണകൾക്കു മുമ്പിൽ പതറാതെ പിടിച്ചുനില്ക്കുവാൻ പ്രയാസപ്പെടുന്നതിന്റെയും പ്രധാനകാരണം അടിയുറച്ച ദൈവവിശ്വാസത്തിന്റെ കുറവുതന്നെയല്ലേ?

ക്രിസ്തീയതയെ തള്ളിപ്പറയുവാനും തള്ളിപ്പറയിക്കുവാനും വെമ്പൽകൊള്ളുന്ന ചില മാധ്യമക്കണ്ണുകളുടെ കണ്ടെത്തലുകളെല്ലാം തല കുലുക്കി സമ്മതിക്കുന്ന, യഥാർത്ഥ വിശ്വാസമില്ലാത്ത ക്രിസ്തീയനാമധാരികളുമുണ്ട്. ഇക്കൂട്ടർക്ക് 'കൂടത്തായി' കാണാനുള്ള കാഴ്ച ലഭിക്കുമ്പോൾ 'പുത്തൻചിറ' യുടെ കാഴ്ച അന്യമാകുന്നു. സ്വർഗ്ഗത്തെക്കുറിച്ച് ചിന്തയില്ലാതെ ജീവിക്കുന്നവർക്കിടയിലും സ്വർഗം ഉള്ളിൽപ്പേറുകയും, സ്വർഗ്ഗത്തിലെത്തിച്ചേരുകയും ചെയ്യുന്ന സുകൃതജീവിതങ്ങൾ നമ്മുടെയിടയിൽ ധാരാളമുണ്ടെന്നത് ആശ്വാസകരമാണ്. ഇത്തരുണത്തിൽ അടുത്തദിവസം വിശുദ്ധപദവിയിലേക്ക് ഉയർത്തപ്പെട്ട വിശുദ്ധ മറിയം ത്രേസ്യായെ പ്രത്യേകം സ്മരിക്കുകയും, സ്വർഗത്തിന്റെ ചിന്ത ഉള്ളിൽ ഉണർത്തുന്ന ഈ പള്ളിക്കൂദാശക്കാലം ഏറ്റം അർത്ഥവത്തായി ആചരിക്കുവാൻ ശ്രമിക്കുകയും ചെയ്യാം.

**ചീഫ് എഡിറ്റർ**



# പള്ളിയാകുന്ന കൂദാശയും പള്ളിയുടെ കൂദാശയും

**റവ. സി. എലിസബത്ത് കൊച്ചുമഠത്തിൽ S.S.T.**
**ബേത് തോമാ ദയറ, പാലമറ്റം**

'പള്ളിയും' 'കൂദാശയും' നമുക്കു പരിചിതങ്ങളായ രണ്ടു പദങ്ങളാണ്. പള്ളിക്കൂദാശക്കാലത്ത് പള്ളി അഥവാ സഭയാകുന്ന കൂദാശയും സഭയുടെ അഥവാ പള്ളിയുടെ കൂദാശയും നമ്മുടെ ധ്യാനവിഷയമാകുന്നു. പൗരസ്ത്യസുറിയാനിസഭയെ സംബന്ധിച്ചിടത്തോളം ആരാധനാവത്സരത്തിന്റെ അവസാനകാലഘട്ടമാണ് പള്ളിക്കൂദാശക്കാലം. തന്റെ മനുഷ്യാവതാരത്തിലൂടെയും സഹനമരണ ഉത്ഥാനത്തിലൂടെയും വീണ്ടെടുത്ത തന്റെ നിർമ്മല മണവാട്ടിയായ പള്ളിയെ/സഭയെ മിശിഹാ പിതാവായ ദൈവത്തിനു സമർപ്പിക്കുന്ന യുഗാന്ത്യോന്മുഖ സംഭവത്തെ അനുസ്മരിക്കുന്ന 'സഭാസമർപ്പണ തിരുനാളോ'ടുകൂടിയാണ് ഈ കാലം ആരംഭിക്കുന്നത്. സഭയാകുന്ന മഹാപള്ളി ദൈവപിതാവിന്റെ മുമ്പിൽ കൂദാശ ചെയ്യപ്പെടുകയാണ്; സമർപ്പിക്കപ്പെടുകയാണ്.

സഭയിലെ എല്ലാ കൂദാശകളുടെയും പരികർമ്മവേദിയായ തിരുസ്സഭയാണ് ഈ കാലത്തിന്റെ പ്രധാന ചിന്താവിഷയം. ഈശോ 'സജീവ ദൈവത്തിന്റെ പുത്രനാണ്' എന്ന വിശ്വാസമാകുന്ന പാറമേൽ (മത്താ 16,13-19) സ്നേഹത്തിൽ പണിതുയർത്തിയിട്ടുള്ള (1 കൊറി 12,28-13,13) ഒരു ആരാധനാസമൂഹമാണ് സഭ (ഏശ 6,1-13). ഇതു ദൈവത്തിന്റെ സമാഗമകൂടാരമാണ്. ഈ കൂടാരത്തിൽ കർത്താവിന്റെ നിരന്തരമായ സാന്നിദ്ധ്യമുണ്ട് (പുറ 40,17-38). അതുകൊണ്ടുതന്നെ സഭയെ "സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന" ഒരു രഹസ്യമായി നമ്മുടെ റാസക്രമം വിശേഷിപ്പിച്ചിരിക്കുന്നു. നന്മകളാൽ മുടിചൂടി നില്ക്കുന്ന സഭ പള്ളിക്കൂദാശക്കാലത്തിന്റെ അന്തർധാരയാണ്.

നന്ദി പ്രകാശിപ്പിക്കുവാൻ കഴിയാത്ത വിധം വലിയ അനുഗ്രഹങ്ങളാണ് അവിടുന്നു നമുക്കു നല്കിയിട്ടുള്ളത്. സ്വർഗ്ഗീയ മണവാള നായ മിശിഹാ തന്റെ സഭയ്ക്കു നല്കിയ ഏറ്റവും വലിയ സമ്മാനമാണ് തന്റെ തിരുശ രീരരക്തങ്ങൾ. അവളെ തന്റെ സ്വന്തമാക്കുവാൻ അവൻ സ്ലീവായിൽ സ്വയം ബലിയായി ത്തീർന്നു. മിശിഹാ സ്വയം എളിമപ്പെടുത്തി ക്കൊണ്ട് സഭയെ തന്റെ മണവാട്ടിയായി ഉയർത്തി. വചനത്തിന്റെ ശക്തിയാലവളെ വിശു ദ്ധീകരിച്ചു; കളങ്കമോ ചുളിവോ മറ്റു കുറവു കളോ ഇല്ലാതെ മഹത്ത്വപൂർണ്ണയും പരിശു ദ്ധയും നിർമ്മലയുമാക്കിത്തീർത്തു (എഫേ 5,27). 'തിരുസഭയെ കളങ്കമേശാത്ത വധുവാക്കി ത്തീർക്കുവാൻ കാൽവരിയിൽ ജീവാർപ്പണം ചെയ്ത മിശിഹായേ' എന്നാണല്ലോ പള്ളിക്കൂ ദാശക്കാലത്ത് കാറോസൂസായ്ക്കു ശേഷമുള്ള സ്ലോസായിൽ നാം പ്രാർത്ഥിക്കുക. മണവാട്ടി യായ സഭ മണവാളനായ മിശിഹായുടെ വര വുംകാത്ത് പ്രതീക്ഷയോടെ മുന്നേറുകയാണ്. മണവാളൻ ആഗതനാകുമ്പോൾ ഓരോരു ത്തരും നിത്യായുസ്സിന് അർഹരായിത്തീരു വാൻ തക്കജീവിതം നയിക്കണമെന്ന് പ്രാർത്ഥ നകൾ നമ്മെ അനുസ്മരിപ്പിക്കുന്നു.

"ദിവ്യനിണത്താൽ ദൈവസുതൻ
സഭയെ രക്ഷിച്ചലിവോടെ
അവളെ തൻ പ്രിയവധുവാക്കി
ശാശ്വതജീവനവൾക്കേകി"

(പള്ളിക്കൂദാശക്കാലം, വ്യാഴം-ഓനീസാ ദക്ദ്ദം)

തന്റെ മണവാളനായ മിശിഹായെ അഭി മുഖമായി ദർശിക്കുകയാണ് അവളുടെ ലക്ഷ്യം. ഈ ലക്ഷ്യത്തിലെത്തിച്ചേരാനുള്ള തീവ്രമായ പരിശ്രമമാണ് സ്വർഗ്ഗീയ ഓറെശ്ലെമിനെ ലക്ഷ്യ മാക്കിയുള്ള നമ്മുടെ ഓരോരുത്തരുടെയും ജീവിതതീർത്ഥാടനം. ദൈവതിരുമുമ്പിൽ ഹൃദയം തുറന്ന് അവിടുത്തെ പരിശുദ്ധിയുടെ മുമ്പിൽ നമ്മുടെ നിസ്സാരതയെ ഏറ്റുപറഞ്ഞു കൊണ്ടുള്ള ഓരോ പരിശുദ്ധ കുർബാനയർപ്പ ണവും യാമപ്രാർത്ഥനയും ദൈവസ്തുതികളാ യുയരുമ്പോൾ സ്വർഗ്ഗീയ സഭയുടെ മുന്നാസ്വാ ദനമാണ് നമ്മൾ ഈ ഭൂമിയിൽ അനുഭവിക്കു ന്നത്.

സഭ മണവാട്ടിയാണ്. അതേസമയം അവൾ അമ്മയുമാണ്. ഒരു അമ്മ തന്റെ കുഞ്ഞിന്റെ ആവശ്യങ്ങൾ മനസ്സിലാക്കി വളർത്തുന്നതെങ്ങനെയോ, അതിലുപരി അമ്മ യായ സഭ തന്റെ മക്കളുടെ ആവശ്യങ്ങൾ മന സ്സിലാക്കി അവരെ ദൈവവചനത്തിലൂടെ വിശ്വാസത്തിലും വിശുദ്ധിയിലും വളർത്തു വാൻ യത്നിക്കുന്നു. വചനത്തിൽ കേന്ദ്രീകൃ തമായി ചരിക്കുന്ന സഭ അതിന്റെ ലക്ഷ്യത്തി ലെത്തുന്നത് വചനത്തെ അയച്ച പിതാവായ ദൈവത്തിന്റെ സന്നിധിയിലെത്തുമ്പോഴാണ്. ദൈവവചനത്തിന്റെ മുഖാമുഖദർശനം സാധ്യ മാകുന്നത് സഭയിലാണ്. കേപ്പായാകുന്ന പാറ മേലുറപ്പിച്ച, സഭയാകുന്ന സൗധത്തിൽ പ്രാർത്ഥനകളും കൂദാശകളുമാകുന്ന വിരുന്നി ലൂടെ ആരാധകർ പരിരക്ഷിക്കപ്പെടുന്നു.

തീർത്ഥാടക സഭയുടെ യുഗാന്ത്യോ ന്മുഖത നിറഞ്ഞുനില്ക്കുന്ന പ്രാർത്ഥനകളും ഗീതങ്ങളും ഈ കാലത്തിന്റെ പ്രത്യേകതയാ ണ്. വരാൻപോകുന്ന മഹാസംഭവത്തെ പ്രതീ ക്ഷയോടെ കാത്തിരിക്കുവാൻ പള്ളിക്കൂദാശ ക്കാലം വിശ്വാസികളെ ഒരുക്കുകയാണ്. പ്രത്യാ ശയുടെ നൗകയാണ് സഭ. ഈ ലോകസാഗര ത്തിൽ നിത്യജീവനിലേക്കു നമ്മെ നയിക്കുന്ന നൗകയാണ് സഭ. ഈ നൗകയിൽ കയറിപ്പറ്റ ണമെങ്കിൽ മാമ്മോദീസായിൽ പിതാവിനെയും പുത്രനെയും റൂഹാദ്ക്കുദ്ശായെയും ഏറ്റുപറ യേണ്ടിയിരിക്കുന്നു. മാനസാന്തരപ്പെട്ട് മിശിഹാ യിൽ മാമ്മോദീസാ സ്വീകരിക്കുന്ന പാപി കൾക്ക് ഉത്ഥാനത്തിന്റെ പ്രതീക്ഷ നല്കുന്നവ ളാണ് സഭ.

"അലകടലിൻ നടുവിൽ
നീങ്ങും നൗക സമം
തിരുസഭ ശോഭിപ്പൂ
അഴിവിയലാത്തൊരു ജീവനിലേ-
ക്കവളിഹ നമ്മെ നയിക്കുന്നു
ഉത്ഥാനത്തിന്നാശയോടെ
പാപികൾ ജ്ഞാനസ്നാനവരം
സഭ വഴിയായ്- നേടാൻ കനിയണമേ."




(പള്ളിക്കൂദാശക്കാലം, തിങ്കൾ-ഓനീസാ ദക്ക്ദം)

തിരമാലകളാൽ തിങ്ങിമറിഞ്ഞു തുള്ളുന്ന കടൽപ്പോലെയാണ് ഈ ലോകം. സഭാംഗങ്ങൾക്ക് സഭ മാർഗ്ഗദർശനം നല്കുന്നു. സ്ലീവായുടെ മാർഗ്ഗമാണ് സ്വർഗ്ഗത്തിലെത്തിച്ചേരാനുള്ള ഏകമാർഗ്ഗം; ഈ യാത്രയിൽ വഴിവിളക്കായി പ്രകാശം നല്കുന്നത് അവിടുത്തെ തിരുവചനവും. ഭക്ഷണപാനീയങ്ങളായി അവിടുത്തെ തിരുശരീരരക്തങ്ങൾ നല്കിക്കൊണ്ട് പിതൃസന്നിധിയിലേക്ക് സഭ തന്റെ മക്കളെ നയിക്കുന്നു.

പൗരസ്ത്യസുറിയാനി സഭാപിതാവായ മാർ അപ്രേം പറയുന്നു: “ലോകമാകുന്ന സമുദ്രത്തിൽ ഒരേ ലക്ഷ്യത്തോടെ സഞ്ചരിക്കുന്ന നൗകയാണ് സഭ. റൂഹായാകുന്ന മാരുതൻ പുത്രനാകുന്ന പാമരത്തിലേക്ക് ആഞ്ഞു വീശുന്നു. ആ ശക്തിയാൽ പിതാവാകുന്ന തുറമുഖത്തെ ലക്ഷ്യമാക്കി സഭ സഞ്ചരിക്കുന്നു. യുഗാന്ത്യത്തിൽ സഭ പിതാവിന്റെ പക്കലെത്തിച്ചേരുന്നു”.

ചുരുക്കത്തിൽ നാം കണ്ടതുപോലെ മണവാട്ടിയായ സഭ തന്റെ മണവാളനായ മിശിഹായെ മുഖാമുഖം ദർശിക്കുകയും അവൾ അവന് തന്നെത്തന്നെ പൂർണമായി സമർപ്പിച്ചുകൊണ്ട് മണവാളന്റെ മഹത്ത്വത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന വലിയ സംഭവമാണ് പള്ളിക്കൂദാശക്കാലത്തെ വിചിന്തനങ്ങളുടെ കേന്ദ്രം. ഈ കാലത്തിന്റെ അർത്ഥവത്തായ ആചരണത്തിലൂടെ യുഗാന്ത്യത്തിൽ സമർപ്പിതയാകുന്ന, കൂദാശ ചെയ്യപ്പെടുന്ന, നമ്മുടെ അമ്മയായ സഭയുടെ സന്തോഷത്തിൽ ഭൂമിയിലായിരിക്കുമ്പോൾത്തന്നെ പങ്കുപറ്റാനുള്ള സവിശേഷകൃപ നമ്മിൽ നിറയട്ടെ.



# സഭ: ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന സമൂഹം



സെനക്കിൾ ആദ്ധ്യാത്മികത - 61

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

**ഈ**ശോയുടെ പുരോഹിതപ്രാർത്ഥന ആരംഭിക്കുന്നത് ഇപ്രകാരമാണ്: “പിതാവേ, സമയമായിരിക്കുന്നു; പുത്രൻ അവിടുത്തെ മഹത്ത്വപ്പെടുത്തേണ്ടതിന് പുത്രനെ അങ്ങ് മഹത്ത്വപ്പെടുത്തണമേ” (യോഹ 17,1). തന്റെ മഹത്ത്വീകരണത്തിലൂടെയാണ് പുത്രനായ മിശിഹാ പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്തുന്നതെന്ന് ഇവിടെ വ്യക്തമാക്കുന്നു. മിശിഹായുടെ മഹത്ത്വീകരണമെന്നതുകൊണ്ട്, അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവുമാണ് അർത്ഥമാക്കുന്നത്. അപ്രകാരം തന്റെ പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും തന്നെ കടത്തിവിടണമെന്നും, അതിലൂടെ ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ തന്നെ അനുഗ്രഹിക്കണമെന്നുമാണ് ഈശോ പ്രാർത്ഥിക്കുന്നത്.

## ഈശോ പഠിപ്പിച്ചതുപോലെ പ്രാർത്ഥിക്കുന്ന സമൂഹം


ഓരോ ക്രിസ്ത്യാനിയും എപ്രകാരം പ്രാർത്ഥിക്കണം എന്നതിന് മാതൃകയായി ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണല്ലോ ‘കർതൃപ്രാർത്ഥന’. കർതൃപ്രാർത്ഥനയിൽ നാം ആദ്യം അപേക്ഷിക്കുന്നത് ദൈവത്തിന്റെ നാമം മഹത്ത്വപ്പെടട്ടെ എന്നാണ്: “സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! അങ്ങയുടെ നാമം പൂജിതമാകണമേ” (മത്താ 6,9). ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതം നയിച്ചുകൊണ്ടുമാത്രമേ നമുക്കു ദൈവത്തിന്റെ നാമം മഹത്ത്വപ്പെടുത്തുവാൻ സാധിക്കൂ. ഈശോ അപ്രകാരമാണ് ജീവിച്ചത്. അതു തന്റെ പ്രാർത്ഥനയിൽ അവിടുന്നു വ്യക്തമാക്കുന്നുണ്ട്: “അവിടുന്ന് എന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്ത്വപ്പെടുത്തി” (യോഹ 17,4). ഭൂമിയിൽ പിതാവ് ഏല്പിച്ച ജോലി പൂർത്തിയാക്കിക്കൊണ്ട് പിതാവിനെ മഹത്ത്വപ്പെടുത്തിയ തന്റെ ജീവിതം അതിന്റെ പരിസമാപ്തിയിൽ എത്തിക്കണമേ എന്നാണ് അവിടുന്നു പ്രാർത്ഥിക്കുന്നത്. അതിന്റെ പരിസമാപ്തി അവിടുത്തെ പീഡാനുഭവവും മരണവും ഉത്ഥാനവുമാണ്. അതുകൊണ്ടാണ് തന്റെ മഹത്ത്വീകരണത്തിലൂടെ പിതാവിനെ മഹത്ത്വപ്പെടുത്തേണ്ടതിന് ഈശോ പ്രാർത്ഥിക്കുന്നത്. അപ്രകാരം പ്രാർത്ഥിക്കുന്ന ഒരു സമൂഹമാകുവാൻ സഭയിൽ എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു.

## ദൈവം ഏല്പിച്ച ജോലി പൂർത്തിയാക്കുന്നവരുടെ സമൂഹം

ദൈവം തന്നെ ഏല്പിച്ച ജോലി -രക്ഷാകരപ്രവർത്തനം- പൂർത്തിയാക്കിക്കൊണ്ടാണ് ഈശോ ദൈവത്തെ മഹത്ത്വപ്പെടുത്തിയത്. ഈശോ മനുഷ്യനായി പിറക്കുകയും, മുപ്പതുവർഷക്കാലം മാതാപിതാക്കൾക്കു വിധേയനായി ജീവിക്കുകയും മൂന്നു വർഷക്കാലം ദൈവരാജ്യത്തിന്റെ അഥവാ രക്ഷയുടെ സുവിശേഷം പ്രഘോഷിക്കുകയും ചെയ്തുകൊണ്ട് പിതാവു തന്നെ ഏല്പിച്ച ജോലി പൂർത്തിയാക്കി ദൈവത്തെ മഹത്ത്വപ്പെടുത്തി. ഈ സുവിശേഷപ്രഘോഷണത്തിന്റെ പൂർത്തീകരണമാണ് അവിടുത്തെ പീഡാനുഭവത്തിലും മരണത്തിലും ഉത്ഥാനത്തിലും സംഭവിച്ചത്. അപ്രകാരം തന്റെ മഹത്ത്വീകരണത്തിലൂടെ ദൈവം തന്നെ ഏല്പിച്ച സുവിശേഷപ്രഘോഷണദൗത്യം പൂർത്തിയാക്കി പിതാവിനെ മഹത്ത്വപ്പെടുത്തുവാനുള്ള കൃപയ്ക്കുവേണ്ടിയാണ് ഈശോ പ്രാർത്ഥിച്ചത്. മാമ്മോദീസാ സ്വീകരിച്ച ഓരോരുത്തരും ദൈവത്തിൽനിന്നും സുവിശേഷപ്രഘോഷണദൗത്യം ഏറ്റുവാങ്ങിയവരാണ്. അതുകൊണ്ട് സഭാംഗങ്ങളേവരും ഈശോയെപ്പോലെ സുവിശേഷപ്രഘോഷണദൗത്യം നിറവേറ്റിക്കൊണ്ട് ഈ ലോകത്തിൽ മരണംവരെ ജീവിച്ചുകൊണ്ടാണ് ദൈവത്തെ മഹത്ത്വപ്പെടുത്തേണ്ടത്. അപ്രകാരം ജീവിച്ചുകൊണ്ടുവേണം "സ്വർഗ്ഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന ചൊല്ലുവാൻ.

## ദൈവത്തിന്റെ നാമം വെളിപ്പെടുത്തുന്ന സമൂഹം

താൻ പൂർത്തിയാക്കിയ ജോലി എന്തായിരുന്നുവെന്ന് കൂടുതൽ വ്യക്തമാക്കിക്കൊണ്ട് ഈശോ പറയുന്നു: "ലോകത്തിൽനിന്ന് അവിടുന്ന് എനിക്കു നല്കിയവർക്ക് അവിടുത്തെ നാമം ഞാൻ വെളിപ്പെടുത്തി" (യോഹ 17,6). ദൈവത്തെ മനുഷ്യർക്കു വെളിപ്പെടുത്തുക എന്നതായിരുന്നല്ലോ ഈശോയുടെ പ്രധാനപ്പെട്ട ജോലിയായി യോഹന്നാൻ അവതരിപ്പിക്കുന്നത്. ഈശോയെ ദൈവത്തിന്റെ വചനമായി അവതരിപ്പിക്കുന്നത് അതിന്റെ സൂചനയാണ്. ഒരാളുടെ വചനം, ആ വ്യക്തിയെ വെളിപ്പെടുത്തുന്ന മാധ്യമമാണ്. "ആദിയിൽ വചനമുണ്ടായിരുന്നു" (യോഹ1,1) എന്നു പറഞ്ഞുകൊണ്ടു തുടങ്ങുന്ന സുവിശേഷാമുഖം അവസാനിക്കുന്നത്, "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ദൈവംതന്നെയായ ഏകജാതനാണ് അവിടുത്തെ വെളിപ്പെടുത്തിയത്" (യോഹ 1,18) എന്നു പറഞ്ഞുകൊണ്ടാണ്.



ദൈവത്തെ പിതാവായി ലോകത്തിനു വെളിപ്പെടുത്തി എന്നതാണ് ഈശോ നിർവഹിച്ച സുവിശേഷപ്രഘോഷണം. “അങ്ങു മാത്രമാണ് യഥാർത്ഥ പിതാവായ ദൈവമെന്നും അങ്ങയുടെ പ്രിയപുത്രനായ ഈശോമിശിഹായെ അങ്ങ് അയച്ചുവെന്നും ഭൂവാസികൾ എല്ലാവരും അറിയട്ടെ” എന്ന കുർബാനയിലെ പ്രാർത്ഥനയും സുവിശേഷപ്രഘോഷണദൗത്യത്തിന്റെ സൂചനയാണ്. പിതാവായ ദൈവത്തിന്റെ പുത്രർക്കടുത്ത പരസ്പരസ്നേഹവും സാഹോദര്യവും ജീവിച്ചുകൊണ്ടാണ് നാം ദൈവത്തിന്റെ നാമം വെളിപ്പെടുത്തേണ്ടത്.

**ജീവിതത്തിലൂടെ ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന സമൂഹം**

പലപ്പോഴും പലരും പ്രാർത്ഥനയിൽമാത്രം ദൈവത്തെ മഹത്ത്വപ്പെടുത്തുന്നവരായി ക്രൈസ്തവജീവിതം നയിക്കുവാനിടയാകുന്നുണ്ട്. പ്രാർത്ഥനയിൽ ദൈവമഹത്ത്വം ആലപിക്കുകയും ജീവിതത്തിൽ സ്വന്തം മഹത്ത്വം തേടുകയും ചെയ്യുന്നവരാണ് പലരും. ജീവിതത്തിൽ സ്വന്തം കാര്യം നേടാൻവേണ്ടി ദൈവത്തെ ആശ്രയിക്കുന്നവരുമുണ്ട്. പല പ്രാർത്ഥനാനുഭവങ്ങളും ഭക്തകൃത്യനിർവഹണങ്ങളും അപ്രകാരം സ്വന്തം മഹത്ത്വം തേടുന്നവയായിത്തീരാറുണ്ട്. ഈ അപകടത്തിനെതിരെ നാം ജാഗ്രത പുലർത്തേണ്ടതുണ്ട്. അനുനിമിഷം ദൈവഹിതാനുസൃതം ജീവിച്ചുകൊണ്ട്, ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതത്തിന്റെ ഉടമകളായി തീർന്നുകൊണ്ട്, ജീവിതത്തിലും പ്രാർത്ഥനയിലും ദൈവത്തെ മഹത്ത്വപ്പെടുത്തുവാൻ നമുക്കു കഴിയണം. അപ്രകാരം ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന ജീവിതവും പ്രാർത്ഥനയും സംയോജിപ്പിച്ചുകൊണ്ട് ദൈവത്തെ മഹത്ത്വപ്പെടുത്തുന്ന സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ എല്ലാവരും പരിശ്രമിക്കണം. ഇപ്രകാരമുള്ള ഒരു സഭാസമൂഹത്തെ പിതാവിനു സമർപ്പിക്കുവാൻ പുത്രനായ മിശിഹായ്ക്കു സാധ്യമാകത്തക്കവിധം പള്ളിക്കൂദാശാക്കാലം അർത്ഥവത്തായി ആചരിക്കുവാൻ എല്ലാ സഭാമക്കൾക്കും സാധിക്കട്ടെ.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Tel. 0481-2578192

# വി. മറിയം ത്രേസ്യാ



കേരളസഭയ്ക്ക് വീണ്ടും അഭിമാനിക്കാം. ഒരു മകളെയുംകൂടി തിരുസ്സഭ വിശുദ്ധിയുടെ കിരീടം അണിയിച്ചിരിക്കുന്നു. കുടുംബങ്ങളുടെ മദ്ധ്യസ്ഥയും കുടുംബപ്രേഷിതരുടെ മാതൃകയും ആയ വി. മറിയം ത്രേസ്യാ. ദൈവം കാണിച്ചുകൊടുത്ത വഴികളിലൂടെയെല്ലാം പരാതികൂടാതെ അവൾ നടന്നു. ലക്ഷ്യം ഒന്നേ ഉണ്ടായിരുന്നുള്ളു ദൈവത്തെ സ്നേഹിക്കുക. "ചെറുപ്പം മുതലേ ദൈവത്തെ സ്നേഹിക്കാനുള്ള തീവ്രമായ ദാഹത്താൽ എന്റെ ആത്മാവ് ഏറെ ക്ലേശിച്ചിരുന്നു" എന്നു പറഞ്ഞാണു വിശുദ്ധ തന്റെ ആത്മകഥ തുടങ്ങുന്നത്. പ്രാർത്ഥനയിൽ അടിയുറച്ച് ദൈവിക സാന്മാർഗിക പുണ്യങ്ങൾ വീരോചിതമായി ജീവിച്ചാണ് അവൾ വിശുദ്ധിയുടെ ഉന്നതപദവിയിലേക്ക് ഉയർത്തപ്പെട്ടത്.

ഇരിഞ്ഞാലക്കുട രൂപതയിലെ പുത്തൻചിറ ഇടവകയിൽ ചിറമ്മൽ മങ്കിടിയാൻ തോമയുടെയും താണ്ടയുടെയും മൂന്നാമത്തെ സന്താനമായി 1876 ഏപ്രിൽ 26 ന് ത്രേസ്യാ ജനിച്ചു. 6-ാമത്തെ വയസ്സിൽ പ്രഥമ കുമ്പസാരവും 10-ാമത്തെ വയസ്സിൽ പ്രഥമ ദിവ്യകാരുണ്യ സ്വീകരണവും നടത്തി. സ്വന്തം അമ്മയുടെ പരിശീലനത്തിൽ പരമ്പരാഗത ഭക്ത്യാഭ്യാസങ്ങളിലൂടെ ആദ്ധ്യാത്മികതയുടെ ആദ്യപാഠങ്ങൾ അവൾ ഹൃദിസ്ഥമാക്കി.

തന്റെ അമ്മയുടെ മരണശേഷം അവൾ ഏകാന്തവാസം ആഗ്രഹിച്ചെങ്കിലും പ്രതിബന്ധങ്ങൾ ഏറെയായിരുന്നു. ആത്മീയപിതാവിന്റെ നിർദ്ദേശമനുസരിച്ചു മറ്റൊരു ഭവനത്തിലേക്കു മാറിത്താമസിക്കാൻ തീരുമാനിച്ചെങ്കിലും മെത്രാനച്ചന്റെ തീരുമാനം അതിന് എതിരായിരുന്നു. ഒല്ലൂർ കർമ്മലീത്താ മഠത്തിൽ വിശുദ്ധ എവുപ്രാസ്യാമ്മയോടൊപ്പം ജീവിക്കാനുള്ള വലിയ ഭാഗ്യം നൽകി ഈ കാലത്തിൽ ദൈവം ത്രേസ്യായെ അനുഗ്രഹിച്ചു. ഈ കാലഘട്ടത്തിലൊക്കെയും തീവ്രമായ പ്രാർത്ഥനയിലും തപശ്ചര്യയിലുമാണ് ത്രേസ്യാ തന്റെ ജീവിതം കഴിച്ചിരുന്നത്. നീണ്ട മണിക്കൂറുകൾ ദിവ്യകാരുണ്യ സന്നിധിയിൽ ചിലവഴിച്ചു. സുറിയാനി ഭാഷ അറിയില്ലായിരുന്നെങ്കിലും ആ ഭാഷയിലെ ദിവ്യബലിയർപ്പണത്തിന്റെ അന്തഃസത്ത ഗ്രഹിച്ച് ബലിയിൽ സംബന്ധിച്ചിരുന്ന പതിവിനെപ്പറ്റി പുണ്യവതി തന്റെ ആത്മകഥയിൽ അതിശയകരമായ രീതിയിൽ വിവരിച്ചിട്ടുണ്ട്.

തനിക്കുവേണ്ടി സഹിച്ചുജീവിച്ചു മരിച്ച ഈശോയുടെ സഹനങ്ങളെ ലഘൂകരിക്കാൻ തപസും പ്രാർത്ഥനയും പ്രായശ്ചിത്തപ്രവൃത്തികളും അവൾ പിന്തുടർന്നു. ഒന്നാം ലോകമഹായുദ്ധത്തിന്റെ പരിണിതഫലമായ ദാരിദ്ര്യവും പകർച്ചവ്യാധികളും അനാഥത്വവുമൊക്കെയാണ് മറിയം ത്രേസ്യായുടെ കുടുംബപ്രേഷിതത്വത്തിനു പശ്ചാത്തലമായത്. സ്ത്രീകൾ ഏറെ പാർശ്വവൽക്കരിക്കപ്പെട്ടിരുന്ന ആ കാലഘട്ടത്തിൽ ഏറെ ദുഷ്കരവും വെല്ലുവിളികൾ നിറഞ്ഞതുമായ ജീവിതയാത്ര ചെയ്യുവാൻ മറിയം ത്രേസ്യായെ പ്രേരിപ്പിച്ചത് ദൈവത്തോടുള്ള അതിരറ്റ സ്നേഹവും അതിൽനി

ന്നുളവായ പരസ്നേഹവുമാണ്. സ്ത്രീകൾ വീടിനുപുറത്തിറങ്ങുക അസാധ്യമായിരുന്ന അക്കാലത്ത് അവശരെയും ആകുലരെയും തേടി ത്രേസ്യാ ഇറങ്ങി. അനാഥരെ സംരക്ഷിച്ചു, വിദ്യ അഭ്യസിപ്പിച്ചു. സൃഷ്ടിയിൽ ദൈവത്തെ കണ്ടുകൊണ്ട് സ്രഷ്ടാവിനെ മഹത്ത്വപ്പെടുത്തി. പകർച്ച വ്യാധികൾമൂലം സ്വന്തം കുടുംബങ്ങളിൽനിന്നും ഉപേക്ഷിക്കപ്പെടുന്നവർക്ക് ആശ്രയമായത് മറിയം ത്രേസ്യാ ചെയ്തുകൊടുത്ത ശാരീരിക, മാനസിക, ആത്മീയശുശ്രൂഷകളാണ്. കളരിവിദ്യാഭ്യാസം മാത്രമുണ്ടായിരുന്ന അവൾ വിദ്യാലയങ്ങൾ സ്ഥാപിക്കാനും കുട്ടികളെ പ്രബുദ്ധരാക്കാനും മുന്നിട്ടിറങ്ങിയത് അവളുടെ സാമൂഹികപ്രതിബദ്ധത വിളിച്ചോതുന്നു.

ചെറുപ്പത്തിൽത്തന്നെ ദൈവത്തെ സ്നേഹിക്കാനുള്ള തീവ്രമായ ആഗ്രഹത്താൽ ജ്വലിച്ചിരുന്ന മറിയം ത്രേസ്യാ, ക്രൂശിതന്റെ മണവാട്ടിയാകാൻ കൊതിച്ചിരുന്നു. "ദൈവം ദൈവമല്ലേ? ദൈവം ദൈവമാണെന്നുള്ള ശരണം മാത്രമാണെനിക്കുള്ളത്", "നമ്മുടെ ദൈവം നമ്മുടെ ശരണം" എന്നുള്ള ആത്മമന്ത്രങ്ങൾ അവളുടെ വിശ്വാസത്തെയും ശരണത്തെയും സൂചിപ്പിക്കുന്നു. തിരുക്കുടുംബം ഒന്നിച്ചും ഓരോരുത്തരായും പലപ്രാവശ്യം ത്രേസ്യായ്ക്ക് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഒരിക്കൽ ദേഹമാസകലം മുറിവുകളുമായി കുരിശുംവഹിച്ച് ഈശോ പ്രത്യക്ഷനായി. "മതി കർത്താവേ, മതി; ഈ കുരിശ് ഞാൻ ചുമന്നുകൊള്ളാം" എന്നായിരുന്നു ത്രേസ്യായുടെ മറുപടി. ഈശോ തന്റെ സഹനങ്ങളുടെ ഒരു പങ്ക് ത്രേസ്യായ്ക്കും കൊടുത്തു.

കുടുംബപ്രേഷിതത്വം പ്രവർത്തനതലമാക്കിയ മറിയം ത്രേസ്യാ 1914 മെയ് 14 ന് കോൺഗ്രിഗേഷൻ ഓഫ് ദ ഹോളിഫാമിലി എന്ന സന്ന്യാസസമൂഹത്തിന് രൂപം നൽകി. കുടുംബങ്ങളുടെ കണ്ണീരൊപ്പാൻ സ്ഥാപിതമായ ഈ സമൂഹത്തിലൂടെ തന്റെ പ്രവർത്തനങ്ങൾ വിശാലമാക്കാൻ അവൾ ശ്രമിച്ചു. 1926 ജൂൺ 8-ാം തീയതി മറിയം ത്രേസ്യാ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 1974 ൽ ദൈവദാസി പദവിയും 1999 ൽ ധന്യ എന്ന പദവിയും ലഭിച്ച മറിയം ത്രേസ്യാ, 2000 ൽ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിക്കപ്പെട്ടു. 2019 ഒക്ടോബർ 13 ന് ദൈവം അവളെ മഹത്ത്വത്തിന്റെ കിരീടമണിയിച്ചിരിക്കുന്നു. ആനന്ദദായകമായ ഈ സമയം നമുക്ക് ദൈവത്തിന് നന്ദിപറയാം. ഒപ്പം വിശുദ്ധിയിൽ വളരാൻ ലഭിക്കുന്ന ഒരവസരവും പാഴാക്കുകയില്ലെന്ന് പ്രതിജ്ഞയെടുക്കാം. ചെയ്യാൻ സാധ്യമായ ഒരു നന്മയും ആർക്കും നിഷേധിക്കാതിരിക്കാം. അങ്ങനെ നമ്മുടെ ശരീരത്തെയും ദൈവത്തിന് സ്വീകാര്യമായ നിർമ്മലബലിയായി സമർപ്പിച്ച് രാജാവും വിധികർത്താവുമായി വരുന്ന മിശിഹായുടെ വലത്തുവശത്ത് അണിനിരക്കുവാൻ നമുക്കിടയാകട്ടെ.





## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**

**Vocation Promoter, Apostolic Oblates, Spirituality Centre**



# ക്രിസ്തു ജീവിക്കുന്നു

**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**മാ**ർപാപ്പാമാർ ദൈവജനത്തിനു വ്യത്യസ്ത കാലയളവുകളിൽ പ്രബോധനങ്ങൾ നല്കുന്ന പതിവുണ്ട്. കാലഘട്ടത്തിന്റെ ആവശ്യങ്ങളെ മനസ്സിലാക്കിക്കൊണ്ട് സഭയുടെ യഥാർത്ഥ ബോദ്ധ്യങ്ങൾ അവർ അപ്പസ്തോലിക ഉദ്ബോധനത്തിലൂടെ (Apostolic Exhortation) ജനങ്ങൾക്കു സംലഭ്യമാക്കുന്നു. പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഇത്തരുണത്തിൽ എഴുതിയ നാലാമത്തെ പ്രബോധനമാണ് 'ക്രിസ്തു ജീവിക്കുന്നു' (Christus vivit = Christ is alive) ഫ്രാൻസിസ് പാപ്പായുടെ പരമാചാര്യത്വത്തിന്റെ ഏഴാം വാർഷികമായ 2019 മാർച്ച് 25 ന് കർത്താവിന്റെ മംഗളവാർത്താ തിരുനാൾദിനത്തിൽ എല്ലാ വിശ്വാസികൾക്കുമായി നല്കിയ ഉദ്ബോധനമാണിത്. ഈ ഉദ്ബോധനം പ്രത്യേകം ലക്ഷ്യം വയ്ക്കുന്നത് യുവജനസമൂഹത്തെയാണ്. 2018 ഒക്ടോബർമാസത്തിൽ റോമിൽവച്ചു നടന്ന യുവജന സിനഡിന്റെ വിചിന്തനങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ പ്രചോദനാത്മകമായ ചിന്തകളാണ് ഈ സിനഡാനന്തര ഉദ്ബോധനത്തിൽ ഫ്രാൻസിസ് മാർപാപ്പ ഉൾക്കൊള്ളിച്ചിരിക്കുന്നത്. വിശ്വാസത്തിൽനിന്നും ഉടലെടുത്ത ബോധ്യങ്ങളെക്കുറിച്ച് യുവജനങ്ങളെ ഓർമ്മിപ്പിക്കുക, വിശുദ്ധിയിൽ വളരുന്നതിനും വ്യക്തിപരമായ ദൈവവിളിയിൽ പൂർണ്ണമായി സമർപ്പിക്കുന്നതിനും യുവജനത്തെ പ്രോത്സാഹിപ്പിക്കുക ഇവയാണ് പാപ്പായുടെ പ്രബോധനത്തിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യങ്ങൾ.

ഒൻപത് അധ്യായങ്ങളിലൂടെ ഫ്രാൻസിസ് പാപ്പാ തന്റെ യുവജനദർശനങ്ങൾ പങ്കുവയ്ക്കുന്നു: 1. യുവജനവും വിശുദ്ധഗ്രന്ഥവും, 2. ഈശോയുടെ നിത്യയുവത്വം, 3. നിങ്ങളാണ് ദൈവത്തിന്റെ 'ഇപ്പോൾ', 4. യുവജനങ്ങൾക്കുള്ള മഹത്തായ സന്ദേശം, 5. യുവത്വത്തിന്റെ പാതകൾ, 6. വേരുകളുള്ള യുവജനങ്ങൾ, 7. യുവജനശുശ്രൂഷ, 8. ദൈവവിളി, 9. വിവേചിച്ചറിയുക. ഈ ഒൻപത് അധ്യായങ്ങളിൽ 299 ഖണ്ഡികകളും 164 അടിക്കുറിപ്പുകളുമുണ്ട്. ഒന്നാം അധ്യായം ആരംഭിക്കുന്നതിനു മുമ്പുതന്നെ ലഘുവായ ഒരു ആമുഖം ഈ ഉദ്ബോധനത്തിനുണ്ട്. ഈ സിനഡാനന്തര അപ്പസ്തോലിക ഉദ്ബോധനത്തിന്റെ തലക്കെട്ട് -'ക്രിസ്തു ജീവിക്കുന്നു'- വ്യാഖ്യാനിക്കപ്പെടുകയാണ് ഈ ആമുഖവാക്കുകളിൽ.

എല്ലാവരുടെയും പ്രത്യാശയായ ക്രിസ്തു ഇന്നും എന്നും ജീവിക്കുന്നു. ജീവിക്കുന്ന ക്രിസ്തുവിന്റെ സ്പർശനം എല്ലാറ്റിനെയും ചെറുപ്പമുള്ളതും പുതുമയുള്ളതും ജീവസ്സുറ്റതുമാക്കുന്നു. ജീവിക്കുന്ന ക്രിസ്തു എല്ലാവർക്കും യുവത്വം പ്രദാനം ചെയ്യുന്നവനാണ്. ക്രിസ്തു ജീവിക്കുന്നു; അതുകൊണ്ടുതന്നെ ക്രൈസ്തവയുവജനങ്ങളും ജീവിക്കണമെന്ന് ക്രിസ്തു ആഗ്രഹിക്കുന്നുണ്ട്.

ജീവിക്കുന്ന ക്രിസ്തു എന്നിലും നിന്നിലും എല്ലാവരിലുമുണ്ട്. ഒരുവൻ എത്ര ദൂരങ്ങളിലേക്കു പോയാലും, ഒരിക്കലും അവനെ ഉപേക്ഷിക്കാതെ, അവനെ തേടി വിളിച്ചുകൊണ്ട് അവനോടൊപ്പം ആയിരിക്കുന്നവനാണ് ക്രിസ്തു. ജീവിതത്തിലെ പരാജയങ്ങളിലും ദുഃഖങ്ങളിലും വൈഷമ്യങ്ങളിലും, ഒരുവന്റെ പ്രത്യാശ വീണ്ടെടുക്കുവാൻ കൂടെയായിരിക്കുന്നവനാണ് ക്രിസ്തു.

### 1. വിശുദ്ധഗ്രന്ഥവും യുവജനങ്ങളും

വിശുദ്ധഗ്രന്ഥം യുവജനങ്ങളെക്കുറിച്ച് ധാരാളം അവസരങ്ങളിൽ പ്രതിപാദിക്കുന്നുണ്ട്. യുവജനങ്ങളുമായി സംഭാഷണം നടത്തുന്ന ദൈവത്തെ വിശുദ്ധ ലിഖിതങ്ങളിൽ അവതരിപ്പിച്ചിട്ടുണ്ട്. യുവജനത്തെ ഗൗരവത്തോടെ വീക്ഷിക്കാതിരുന്ന ഒരു കാലഘട്ടത്തിൽ അവരെ വ്യത്യസ്തമായ രീതിയിൽ കാണുന്ന ദൈവത്തെ വിശുദ്ധഗ്രന്ഥത്തിൽ കാണുന്നുണ്ട്. യുവജനത്തെ പരിഗണിക്കുന്ന ഒരു ദൈവത്തെയാണ് പഴയനിയമത്തിൽ നമ്മൾ കണ്ടുമുട്ടുന്നത്.

ഉല്പ 37,2-3 - കുടുംബത്തിലെ ഇളയ മക്കളിലൊരുവനായ ജോസഫിന് സ്വപ്നത്തിൽ മഹത്കാര്യങ്ങൾ കാണിച്ചുകൊടുക്കുന്ന ദൈവം. തന്റെ യുവത്വത്തിൽ എല്ലാക്കാര്യങ്ങളും ശ്രേഷ്ഠമായും തിളക്കത്തോടെയും ചെയ്തിരുന്നവനാണ് ജോസഫ്.

ന്യായാ 6,13-14 - തുറന്ന മനോഭാവമുള്ള യുവാവായ ഗിദയോനെ ഈ വചനഭാഗത്ത് നാം കണ്ടുമുട്ടുന്നു. "കർത്താവ് കൂടെയുള്ള" ശക്തനും ധീരനുമായ യുവാവാണ് ഗിദയോൻ (ന്യായ 6,12). ഇസ്രായേലിനെ രക്ഷിക്കാൻ തിരഞ്ഞെടുക്കപ്പെട്ടവരിലൊരുവനാണ് യുവാവായ ഗിദയോൻ.

1 സാമു 3,9-10 - ബാലനായിരുന്നുവെങ്കിലും 'അരുളിച്ചെയ്താലും, കർത്താവേ ദാസനിതാ ശ്രവിക്കുന്നു' എന്നു പറയുന്ന സാമുവൽ. കർത്താവിന്റെ വാക്കുകൾക്കു നേരെ ഹൃദയം തുറക്കുന്നവനാണ് സാമുവൽ.

1 സാമു 16,6-13 - ഇസ്രായേലിനെ നയിക്കാനായി തിരഞ്ഞെടുക്കപ്പെട്ടത് ബാലനായ ദാവീദാണ്. ബാഹ്യരൂപത്തിൽ ശ്രദ്ധിക്കാത്ത കർത്താവ് അവന്റെ ഹൃദയഭാവത്തിലാണ് ശ്രദ്ധിച്ചത്. ഒരുവന്റെ ശാരീരിക ശക്തിയിലോ, ഇതര മനുഷ്യരുടെ മുമ്പിലുള്ള അവന്റെ മതിപ്പിലോ അല്ല യുവത്വത്തിന്റെ മഹത്ത്വം അടങ്ങിയിരിക്കുന്നത്; മറിച്ച് അവന്റെ ഹൃദയഭാവത്തിലാണ്.

1 രാജാ 3,1-14 - കേവലം ബാലനായിരുന്ന സോളമനെ ശുശ്രൂഷയ്ക്കായി തിരഞ്ഞെടുക്കുന്ന ദൈവം. തന്റെ ശുശ്രൂഷയ്ക്ക് ദൈവത്തോടു ജ്ഞാനം യാചിക്കുന്ന സോളമൻ.

ജറെ 1,6-8 - സംസാരിക്കാൻ പാടവമില്ലാത്ത ബാലനായ ജറെമിയാ കർത്താവിന്റെ കരത്തിന്റെ സാന്നിദ്ധ്യത്തോടെ, ശക്തിയോടെ ശുശ്രൂഷ ചെയ്യുന്നവനാണ്. തന്റെ യൗവനത്തിന്റെ പ്രസരിപ്പ് ദൈവശക്തിയോടു ചേർത്ത് വിനിയോഗിച്ചവനാണ് ജറെമിയാ. (തുടരും)

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,


പള്ളിക്കൂദാശാക്കാലത്തേക്ക് നാം പ്രവേശിക്കുകയാണല്ലോ. പരിശുദ്ധ കുർബാനയിലെ, "സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭ" എന്ന പ്രാർത്ഥന പള്ളിക്കൂദാശാക്കാലത്തിന്റെ അന്തർധാരയായി വർത്തിക്കുന്നു. രക്ഷിക്കപ്പെട്ട സഭയും മണവാട്ടിയായ സഭയുമാണ് ഈ കാലത്തെ പരിചിന്തനവിഷയങ്ങൾ. യുഗാന്തത്തിൽ മണവാട്ടിയായ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജറുസലേമാകുന്ന മണവറയിൽവച്ച് മണവാളനായ മിശിഹായെ മുഖാമുഖം ദർശിക്കുകയും, മണവാളനോടൊപ്പം അവൾ നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന സംഭവമാണ് സഭ ഇക്കാലത്ത് അനുസ്മരിക്കുന്നത്. അതുകൊണ്ട് സഭാംഗങ്ങളെ സുകൃതങ്ങൾകൊണ്ടലങ്കരിച്ച് സ്വർഗ്ഗീയ മണവറയിൽ മണവാളനായ മിശിഹായെ ദർശിക്കുവാൻ യോഗ്യരാക്കിത്തീർക്കുവാൻ തക്കവിധം അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഈ കാലഘട്ടത്തിൽ നമുക്കു പരിശ്രമിക്കാം. സ്നേഹാശംസകളോടെ,

**മല്പാൻ മാത്യു വെള്ളാനിക്കൽ**
**ജനറൽ മേജർ ഫാദർ**

## വാർത്തകൾ

2019 സെപ്റ്റംബർ മാസം 24-ാം തീയതി ജനറൽ മേജർ ഫാദർ ബഹു. മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ താമരശ്ശേരിയിലെ 'പ്രസ്ബിത്തേരിയം' സമ്മേളനത്തിൽ സംബന്ധിക്കുകയും അവർക്കു മാസധ്യാനം നല്കുകയും ചെയ്തു. അന്നുതന്നെ ആ രൂപതയിൽ പ്രവർത്തിക്കുന്ന ബഹു. വൈദികരുടെ ഒരു പ്രാർത്ഥനാകൂട്ടായ്മയിൽ പങ്കുചേരുകയും, സെനക്കിൾ ആദ്ധ്യാത്മികതയെക്കുറിച്ചും സെനക്കിൾ കൂട്ടായ്മയെക്കുറിച്ചും അവരോടു സംസാരിക്കുകയും ചെയ്തു. പ്രസ്തുത വൈദികകൂട്ടായ്മയെ 'അപ്പസ്തോലിക് സൊഡാലെസ്' ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു സെനക്കിൾ കൂട്ടായ്മയാക്കി മാറ്റുവാനുള്ള സാദ്ധ്യതയെപ്പറ്റി, അഭിവന്ദ്യ പിതാവിനോടും കൂട്ടായ്മയിലെ വൈദികരോടും സംസാരിക്കുകയും അതിന് അനുകൂലമായ ഒരു പ്രതികരണം അവരുടെ ഭാഗത്തുനിന്നും ലഭിക്കുകയും ചെയ്തു. പിറ്റേദിവസം ജനറൽ മേജർ ഫാദറിന്റെ ജന്മദിനമായ സെപ്റ്റംബർ 25-ാം തീയതി "പരമാവധി സ്നേഹത്തിന്റെ കുടുംബം" സ്പിരിച്ചാലിറ്റി സെന്ററിൽ ഒരുമിച്ചുകൂടി, പരിശുദ്ധ കുർബാനയർപ്പിക്കുകയും കുടുംബാഘോഷം നടത്തുകയും കുടുംബാരൂപി നവീകരിക്കുകയും ചെയ്തു.

-സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ളവർ, *സെനക്കിൾ തരംഗം, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.ഒ., കോട്ടയം-686 018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.




# ഇസ്മയേൽ

ഷിജി പറപ്പള്ളിയാത്ത്

**അ**ബ്രാഹത്തിന്റെ ഭാര്യയായ സാറായെ ശുശ്രൂഷിക്കാൻ ഈജിപ്തിൽനിന്ന് വിലയ്ക്കുവാങ്ങിയ ഒരു അടിമപ്പെണ്ണാണ് ഹാഗാർ. വിധിവൈപരീത്യം അവളുടെ ജീവിതത്തെ മാറ്റിമറിച്ചു. സന്താനമില്ലാത്തതിനാൽ ദുഃഖിതരായ അബ്രാഹവും സാറായും വാർദ്ധക്യത്തിലേക്കു നീങ്ങുന്ന കാലം. തനിക്കുവേണ്ടി കുഞ്ഞിനെ നല്കാൻ ദാസിയായ ഹാഗാറിനെ ഭർത്താവിനു നല്കുന്ന സാറാ. വിശ്വാസികളുടെ പിതാവായ അബ്രാഹം ദൈവത്തോട് ആലോചന ചോദിക്കാതെ മാനുഷിക തീരുമാനത്തിന് വഴിപ്പെടുന്നുവോ...? ദൈവത്തോടു തന്റെ സങ്കടം ബോധിപ്പിച്ചിരുന്നെങ്കിൽ ദൈവം ഇങ്ങനെ പറഞ്ഞേക്കാം - 'പ്ലീസ് വെയിറ്റ്. പതിനാലുവർഷം കഴിഞ്ഞ് ഒരു മകനെ തരാം'.

ദാസിയെങ്കിലും ഗർഭവതിയായ ഹാഗാർ സാറായെ നിന്ദയോടെ വീക്ഷിച്ചുതുടങ്ങി. സമൃദ്ധിയും സ്ഥാനമാനങ്ങളും ലഭിക്കുമ്പോൾ കഴിഞ്ഞകാലം മറക്കുന്ന ഹാഗാർ പീഡനങ്ങൾക്ക് ഇരയാകുന്നു. അടിമയും ഉടമയും തമ്മിലുള്ള ശണ്ഠ നിമിത്തം ഹാഗാറിന് ഓടിപ്പോകേണ്ടിവന്നു. മരുഭൂമിയിൽ അലയുന്ന ഹാഗാറിനെ ദൈവം കാണുന്നു (ഉല്പ 16,9-16). അവിടുന്ന് അവളെ ദൈവികപദ്ധതിയോടു സഹകരിക്കാൻ പ്രേരിപ്പിക്കുന്നു. തിരികെ യജമാനത്തിയുടെ അടുത്തേക്കു പറഞ്ഞുവിടുന്നു. "നീ ഒരു ആൺകുട്ടിയെ പ്രസവിക്കും. അവന് നീ ഇസ്മയേൽ എന്ന് പേരിടണം. കാരണം കർത്താവ് നിന്റെ രോദനം ചെവിക്കൊണ്ടിരിക്കുന്നു. അവൻ കാട്ടുകഴുതക്കൊത്ത മനുഷ്യനായിരിക്കും. അവന്റെ കൈ എല്ലാവർക്കുമെതിരായും എല്ലാവരുടെയും കൈ അവനെതിരായും ഉയരും. അവൻ തന്റെ സഹോദരങ്ങൾക്കെതിരായി വർത്തിക്കുകയും ചെയ്യും" (ഉല്പ 16,11-12).

അടിമയായ ഹാഗാറിൽ അബ്രാഹത്തിന് ജനിച്ച മകനാണ് ഇസ്മായേൽ. "ദൈവം കേട്ടു" എന്നാണീ വാക്കിനർത്ഥം. ഇസ്മായേൽ ജനിക്കുമ്പോൾ അബ്രാഹത്തിന് 86 വയസ്സായിരുന്നു. ദൈവം ഇസഹാക്കിനെ വാഗ്ദാനം ചെയ്തപ്പോൾ, ഇസ്മായേൽ ദൈവത്തിന്റെ മുമ്പിൽ ജീവിച്ചിരുന്നാൽ മതിയെന്നു പറയുന്ന അബ്രാഹത്തോട് ഇസ്മായേലിനെക്കുറിച്ചുള്ള തന്റെ കരുതൽ അവിടുന്നു വെളിപ്പെടുത്തി. സന്താനപുഷ്ടിയുള്ളവനാക്കി അവനെ അനുഗ്രഹിക്കുമെന്നും 12 രാജാക്കന്മാർക്കു പിതാവായിത്തീരുമെന്നും ഇസ്മായേലിനെക്കുറിച്ച് അവിടുന്നു പറയുന്നു.

ഇസ്മായേലും ഇസഹാക്കും തമ്മിൽ കളിക്കുന്നതു കണ്ട സാറാ, അടിമപ്പെണ്ണിനെയും അവന്റെ മകനെയും ഇറക്കിവിടാൻ അബ്രാഹത്തോടു പറയുന്നു. കാരണം ഇസ്മായേൽ നിമിത്തം ഇസഹാക്കിന്റെ ജീവിതം പിന്നീട് ദുഃഖത്തിലാഴുമെന്ന് അവൾ കരുതി. ഇസ്മായേലിനെ ഓർത്ത് അബ്രാഹം അസ്വസ്ഥനാകുന്നു. എന്നാൽ സാറാ പറയുന്നതുപോലെ ചെയ്യാൻ അബ്രാഹത്തോട് ദൈവം അരുളിച്ചെയ്യുന്നു. അബ്രാഹം കുറേ അപ്പവും ഒരു തുകൽസഞ്ചിയിൽ വെള്ളവുമെടുത്ത് ഹാഗാറിന്റെ തോളിൽ വച്ചുകൊടുത്തശേഷം മകനെയും ഏല്പിച്ച് പറഞ്ഞുവിടുന്നു.

കയ്യിൽ കരുതിയ അപര്യാപ്തമായ അപ്പവും വെള്ളവും മരുപ്രദേശങ്ങളിലെ അലച്ചിലിൽ തീർന്നു. വിശന്നുമരിക്കുന്ന കുഞ്ഞിന്റെ വേദന കാണാൻ കഴിയാതെ മാതൃഹൃദയം അക

ന്നുമാറി. കുഞ്ഞിന്റെ രോദനത്തിൽനിന്ന് അമ്മമനസ്സും അകന്നുകഴിഞ്ഞപ്പോൾ കരുണയുള്ള ദൈവം അതേറ്റെടുക്കുന്നു. അവിടുന്ന് ഹാഗാറിനെ പേരുചൊല്ലി വിളിച്ച് ആശ്വസിപ്പിക്കുന്നു. "ദൈവം അവളുടെ കണ്ണുതുറന്നു. അവൾ ഒരു കിണർ കണ്ടു. അവൾ ചെന്ന് തുകൽസഞ്ചി നിറച്ച്, കുട്ടിക്ക് കുടിക്കാൻ കൊടുത്തു. ദൈവം ആ കുട്ടിയോടുകൂടെയുണ്ടായിരുന്നു. അവൻ മരുഭൂമിയിൽ പാർത്തു. അവൻ വളർന്നു സമർത്ഥനായൊരു വില്ലാളിയായിത്തീർന്നു" (ഉല്പ 21,19-20).

നാമിവിടെ കാണുക മനുഷ്യന്റെ നിലവിളി കേൾക്കുന്ന, കാണേണ്ടതുകാണാൻ കണ്ണു തുറപ്പിക്കുന്ന ദൈവത്തെയാണ്. ജീവിതത്തിന്റെ മരുഭൂമികളിൽ വളരെ വിരളമായി കാണുന്ന നീരുറവകൾ - നമുക്കു കണ്ടെത്താൻ കഴിയാതെ പോയ കിണറുകൾ ദൈവം കാട്ടിത്തരും. "എന്നെ കാണുന്നവനാണ് ദൈവം" എന്ന പ്രതീക്ഷ നല്കുന്ന അനുഭവം ഹാഗാർ ഇസ്മായേലിന് കാട്ടിക്കൊടുത്തു. കുലീനജന്മം ലഭിച്ചെങ്കിലും ഇസ്മായേൽ ദാരിദ്ര്യത്തിലേക്കും നിരാശയിലേക്കും വലിച്ചെറിയപ്പെട്ട ബാല്യത്തിലൂടെ വളർന്നുവന്നു. മരുഭൂമിയുടെ അതിജീവനത്തിൽ ആർക്കും വഴങ്ങാത്തവനും അഹങ്കാരിയുമായിത്തീർന്നു അവൻ. തന്റെ മാതാവിനൊപ്പം കഷ്ടപ്പാടുകളുടെ വേദനിപ്പിക്കുന്ന ഓർമ്മ അവന്റെ മനസ്സിലും രക്തത്തിലും അലിഞ്ഞുചേർന്നു. സമാധാനത്തിനും പുരോഗതിക്കും ഭീഷണിയായ സമർത്ഥരായ വില്ലാളികളും പോരാളികളുമായ സന്തതിപരമ്പരയ്ക്ക് അവൻ പിതാവായി.

ഇസ്മായേൽ ചിന്തിപ്പിക്കുന്നു:

* **നിലവിളി കേൾക്കുന്ന ദൈവമുണ്ട്.**
* **വാഗ്ദാനങ്ങളാൽ അനുഗ്രഹിക്കുന്ന ദൈവത്തിന്റെ എപ്പോഴുമുള്ള സാന്നിദ്ധ്യം.**
* **യാഥാർത്ഥ്യങ്ങളിലേക്കു കണ്ണുതുറപ്പിക്കുന്ന ദൈവം**
* **എല്ലാവരുടെയും ജീവിതം ദൈവം കാണുന്നു. ഒപ്പം, ദൈവത്തെ കാണാനുള്ളതാണ് എല്ലാവരുടെയും ജീവിതവും.**



സ്റ്റീനാ അന്നു വളരെയേറെ സന്തോഷവതിയായിരുന്നു. കാരണം കുഞ്ഞാന്റി വിവാഹിതയായിരിക്കുന്നു. വളരെ ലളിതമായി നടത്തപ്പെട്ട ആ വിവാഹത്തിന് വിശുദ്ധിയുടെ ആഭരണങ്ങളും പ്രാർത്ഥനയുടെ ആഘോഷവുമായിരുന്നു. വളരെക്കുറച്ച് ആളുകൾ പങ്കെടുത്ത ആ വിവാഹത്തിൽ സ്വർഗത്തിൽനിന്നുള്ള വലിയ വൃന്ദങ്ങൾ അണിനിരന്നത് സ്റ്റീനായ്ക്കു കാണാൻ കഴിഞ്ഞു. ആ കുഞ്ഞുമാലാഖമാർ, ജെനിഫറും ക്ലീറ്റസും, വേറേതോ ഭാഷയിൽ പാടിയ സ്തുതിഗീതം അവൾക്കുമാത്രം കേൾക്കാൻ കഴിഞ്ഞു. പരിശുദ്ധ അമ്മയോടൊപ്പം വിശുദ്ധ കൊച്ചുത്രേസ്യായും വിശുദ്ധ ഫൗസ്റ്റീനായും എന്തൊക്കെയോ ജോലികൾ ചെയ്യുന്നത് അവൾ കണ്ടു. അമ്മേ നന്ദി എന്നവൾ പറഞ്ഞുകൊണ്ടിരുന്നു. വല്യമ്മച്ചിയെ ഓർത്തപ്പോൾ അവളുടെ കണ്ണിൽ കണ്ണീർ പൊടിഞ്ഞു. സാധാരണ വിവാഹങ്ങളിൽ സിസ്റ്റേഴ്സ് പങ്കെടുക്കാറില്ലെങ്കിലും ഈ വിവാഹത്തിൽ പ്രത്യേക അനുവാദത്തോടെ അവർ പങ്കെടുത്തു. ശാലയിലെ എല്ലാ കുട്ടികളും അന്ന് ഒരേപോലുള്ള വസ്ത്രം ധരിച്ച് സ്റ്റീനായുടെ കൂടെ നിന്നു.

മിനിക്കുട്ടി വിവാഹം കഴിഞ്ഞപ്പോൾ സ്റ്റീനായുടെ ചെവിയിൽ പറഞ്ഞു: "എനിക്ക് അമ്മയുടെ നല്ല സുഗന്ധം കിട്ടിയായിരുന്നു".

അന്നു രാത്രിയിൽ സ്റ്റീനാ ഒരു പ്രത്യേക അവസ്ഥയിലൂടെ കടന്നുപോയി. മയക്കത്തിലേക്കു പോകുന്നതിനുമുമ്പ് അവളുടെ ശരീരത്തിന് ഭാരമില്ലാത്ത ഒരവസ്ഥ വന്നു. അവൾക്കു പറക്കാൻ സാധിക്കുന്നു! പക്ഷേ അവളുടെ കട്ടിലിൽ അവളുടെ ശരീരം കിടക്കുന്നത് അവൾ കണ്ടു. ഈശോ അവളെ ചേർത്തുപിടിച്ചു...

"എന്റെ കുഞ്ഞു പൂവേ, നിന്നെ എനിക്കൊത്തിരി ഇഷ്ടമാണ്. പക്ഷേ എനിക്കുവേണ്ടി സഹിക്കാൻ നിനക്കാവുമോ?"

"തീർച്ചയായും ഈശോ, ഞാൻ സഹിക്കാം".

# കാവലാൾ-18

**ജാൻസി ടീച്ചർ**
**കറുകപ്പമ്പിൽ**



“എങ്കിൽ എന്റെ മുദ്ര ഞാൻ നിനക്കു തരികയാണ്”. ഈശോ അവളുടെ തലയിൽ ചുംബിച്ചു. അവിടെ ഒരു മുറിവു വന്നു.

മിനിക്കുട്ടി ഗൊരേത്തിയമ്മയുടെ അടുത്തുചെന്നു.

“അമ്മേ, ഇങ്ങോട്ടൊന്നു വരാമോ?”

എഴുതിക്കൊണ്ടിരുന്ന പേന അടച്ച് ഗൊരേത്തിയമ്മ അവളോടൊപ്പം നടന്നു.

“എന്താ മിനിക്കുട്ടീ?”

“സ്റ്റീനാച്ചേച്ചി നേരത്തെ കിടന്നതായിരുന്നു, തലവേദനയാണെന്നും പറഞ്ഞ്. ഇപ്പോ ഞാൻ ചെന്നു നോക്കിയപ്പോൾ തലയിൽനിന്നും ചോര വരുന്നുണ്ട്. പക്ഷേ നല്ല സുഗന്ധമാ അവിടെ”.



ഗൊരേത്തിയമ്മ സ്റ്റീനായുടെ കട്ടിലിനരികിലെത്തി മുട്ടുകുത്തി. അവളുടെ നെറ്റിയിൽ ഒഴുകിനിന്ന ആ രക്തത്തുള്ളി ഭയഭക്തിയോടെ ഗൊരേത്തിയമ്മ ഒരു പുതിയ തൂവാലയിൽ ഒപ്പിയെടുത്തു. മറ്റാരോടും ഒന്നും പറയരുതെന്ന് മിനിക്കുട്ടിയോടു പറഞ്ഞശേഷം, അവർ ഒരുമിച്ചു കരുണക്കൊന്ത ചൊല്ലുവാൻ തുടങ്ങി. ഉണർന്ന കുട്ടികളും ജോലി കഴിഞ്ഞു വന്നവരും അവരോടൊപ്പം പ്രാർത്ഥിക്കുവാൻ തുടങ്ങി.

മെല്ലെ കണ്ണു തുറന്ന സ്റ്റീനാ ചോദിച്ചു: “ഞാനെവിടെയാ?”.

(തുടരും)



# തണലിനു കീഴിൽ കുടയുമായി

ഷിനി തെരേസ് മുതുപ്ലാക്കൽ

നട്ടുച്ചനേരം... കത്തിജ്ജ്വലിക്കുന്ന സൂര്യന്റെ ചൂടിനെ ചെറുക്കുവാൻ കുടയും ചൂടി ബസ് സ്റ്റോപ്പ് ലക്ഷ്യമാക്കി ഞാൻ നടന്നു. പരിചിതമല്ലാത്ത ഒരു സ്ഥലം... 'ബസ് സ്റ്റോപ്പ്' എന്ന ബോർഡുകണ്ട് അതിനു സമീപത്തായി നിലയുറപ്പിച്ചു. നട്ടുച്ചയായതിനാലാവണം അവിടമെല്ലാം വിജനമായിരുന്നു. ബസ് വരാൻ താമസിച്ചപ്പോൾ പതുക്കെ പരിസരവീക്ഷണം തുടങ്ങി. അതിനിടയിലാണ് ഒരു കാര്യം ശ്രദ്ധയിൽപെട്ടത്. വഴിയരികിൽ ഉയർത്തിയിരിക്കുന്ന വലിയ ഒരു പരസ്യബോർഡിന്റെ നിഴലിനു കീഴിലാണ് കുടയുടെ മറവുമായി ഞാൻ നില്ക്കുന്നത്. ഒരു പക്ഷേ സൂര്യതാപത്താൽ ഉരുകിയ ടാർ റോഡിൽ നിന്നുയരുന്ന ചൂടിൽ ശ്രദ്ധയൂന്നിയതിനാലാവണം തലയ്ക്കുമീതേയുള്ള വിശാലമായ തണൽ കാണാതെപോയത്.

കുട മടക്കി ബാഗിലിട്ടപ്പോൾ മറ്റൊരു ചിന്തയാണ് ഉള്ളിലേക്കു കടന്നുവന്നത്. തണലിനു കീഴിൽ നിന്നിട്ടും, കുട നിവർത്തി പിടിച്ചിരുന്നതുമൂലം, അതറിയാതെ പോയതുപോലെയല്ലേ പലപ്പോഴും ദൈവസ്നേഹത്തിന്റെയും പരിപാലനയുടെയും തണൽ നാം അറിയാതെയും അനുഭവിക്കാതെയും പോകുന്നത്... ദൈവത്തിലേക്ക് മുഖമുയർത്താതെ ജീവിതപ്രശ്നങ്ങൾക്ക്

ഉത്തരം കണ്ടെത്താൻ സ്വയം ശ്രമിക്കുന്നതു കൊണ്ടല്ലേ പലപ്പോഴും പരാജയത്തിന്റെ ചൂടിലുരുകുന്നത്.

ചിലപ്പോഴൊക്കെ ദൈവത്തിന്റെ സംരക്ഷണമാകുന്ന തണലും അവിടുന്നു നമ്മിൽ ചൊരിയുന്ന അനുഗ്രഹമാരികളും ലഭിക്കാനും അനുഭവിക്കാനും സാധിക്കാത്തക്കവിധം നാം മറ്റു ചില 'കുട'കൾ നിവർത്തുന്നുണ്ടോ എന്ന് ആത്മശോധന ചെയ്യേണ്ടതുണ്ട്. അത് അഹംഭാവമാകാം, സ്വാർത്ഥതയാകാം, താൻപോരിമയാകാം, ദൈവാശ്രയത്വത്തിന്റെ കുറവാകാം, ദൈവേഷ്ടത്തിനെതിരേ മുഖം തിരിക്കുന്ന അനുസരണമില്ലായ്മയാകാം... നമ്മുടെ കുടകളുടെ 'ബ്രാൻഡ്' ഇങ്ങനെ പലതുമാകാം. ദൈവാനുഗ്രഹമാരിയാൽ നാം നനയണമെങ്കിൽ, ദൈവസാന്നിദ്ധ്യത്തിന്റെ തണൽമേഘങ്ങൾ കാണണമെങ്കിൽ ആത്മീയജീവിതത്തിന്റെ കുറവുകളായ ഇത്തരം കുടകൾ മടക്കിയേ മതിയാവൂ. മഴയത്തും വെയിലത്തും സംരക്ഷണം ലഭിക്കാനാണ് നാം കുടകൾ സാധാരണയായി ഉപയോഗിക്കുന്നതെങ്കിലും അതൊരു താല്ക്കാലിക സങ്കേതം മാത്രമേ ആകുന്നുള്ളൂ. 'അത്യുന്നതന്റെ സംരക്ഷണമുള്ളവനും ദൈവത്തിന്റെ തണലിൽ ജീവിക്കുന്നവനും ഭാഗ്യവാനാകുന്നു' എന്ന് സങ്കീർത്തകൻ നമ്മെ ഓർമ്മപ്പെടുത്തുന്നു.

വിശുദ്ധ ഗ്രന്ഥം മേഘത്തെ ദൈവസാന്നിദ്ധ്യത്തിന്റെ അടയാളമായാണ് അവതരിപ്പിക്കുന്നത്. മരുഭൂമിയിലൂടെയുള്ള യാത്രയിൽ പകൽ മേഘസ്തംഭമായി ഇസ്രായേൽ ജനത്തിനു തണലേകിയ നല്ല ദൈവം (പുറ 13,21-22) ജീവിതത്തിന്റെ മരുഭൂമിയനുഭവങ്ങളിൽ തണലായി, തുണയായി, നമ്മോടുകൂടിയുണ്ട്. ചുട്ടുപൊള്ളുന്ന ജീവിതയാഥാർത്ഥ്യങ്ങൾക്കുമുമ്പിൽ തളരുമ്പോൾ ആശ്വാസത്തിന്റെ മഴമേഘമായി അവിടുന്ന് പെയ്തിറങ്ങും; മനുഷ്യമനസ്സുകളെ കുളിർപ്പിക്കുന്ന സാന്ത്വനമാകും. "അധ്വാനിക്കുന്നവരും ഭാരം വഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെ അടുക്കൽ വരുവിൻ; ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" (മത്താ 11,28-29) എന്ന തിരുമൊഴി മറക്കാതിരിക്കാം.

പരിശുദ്ധ കുർബാനയിൽ കാർമ്മികൻ, 'നിങ്ങളുടെ വിചാരങ്ങൾ ഉന്നതങ്ങളിലേക്ക് ഉയർത്തുവിൻ' എന്ന് ഉദ്ഘോഷിക്കുന്നുണ്ട്. ഇന്നു സമൂഹത്തിൽ കാണുന്ന പല പ്രശ്നങ്ങൾക്കും പിന്നിലുള്ളത് ദൈവവിചാരമില്ലാത്ത ജീവിതമാണ്. നമ്മുടെ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം സ്വർഗ്ഗമാണെന്നതും ഓർമ്മിക്കേണ്ടതുണ്ട്. ഈലോകജീവിതത്തിന്റെ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും ആകുലതകളിലും കുടുങ്ങിക്കിടക്കാതിരിക്കാൻ അതു നമ്മെ സഹായിക്കും. സ്വർഗത്തിന്റെ മുന്നാസ്വാദനം ധ്യാനിക്കുന്ന ഈ ആരാധനാവത്സര കാലത്ത് പ്രവാചകന്റെ പ്രാർത്ഥന നമുക്കും ഉരുവിടാം: "ഞാൻ കർത്താവിങ്കലേക്കു കണ്ണുകളുയർത്തും. എന്റെ രക്ഷകനായ ദൈവത്തിനുവേണ്ടി ഞാൻ കാത്തിരിക്കും. എന്റെ ദൈവം എന്റെ പ്രാർത്ഥന കേൾക്കും" (മിക്കാ 7,7).

## Spirituality Centre Programme

**November**

| | |
|---|---|
| 02 | Social Animators' Meet |
| 06-07 | Cenacle Gathering (Sodales & Aspirants) |
| 09 | School of Bible |
| 16 | Recollection for Oblates |
| 23 | Reinforcement Day |

# സ്ഥാനം



**സാബി കോഴിക്കോട്**

**രാ**ത്രി 11.30. ഫോൺ നിർത്താതെ ബെൽ അടിക്കുന്നു. പാതിമയക്കത്തിൽ ഞാൻ ചാടി എഴുന്നേറ്റു. ദൈവമേ... എന്തെങ്കിലും ദുഃസൂചനയായിരിക്കും. ആർക്കോ അപകടം സംഭവിച്ചി രിക്കുന്നു. അല്ലെങ്കിൽ ഈ നേരത്ത്... നെഞ്ചിടിപ്പോടെ ഫോൺ എടുത്തതും അപ്പുറത്ത് എന്റെ ഏറ്റവും അടുത്ത സുഹൃത്തിന്റെ അടങ്ങാത്ത പൊട്ടിക്കരച്ചിൽ... "ഞാൻ മടുത്തു. ഇത്തിരി പരി ഗണനയും സ്നേഹവും കന്നുപോലെ കിടന്നു പണിയുന്ന എനിക്കും അവകാശപ്പെട്ടതല്ലേ. ഒരല്പം വിഷം കിട്ടിയിരുന്നെങ്കിൽ ഈ ജീവിതമങ്ങവസാനിപ്പിച്ചേക്കാമായിരുന്നു..."

ആലീസ് അത്യാവശ്യം സാമ്പത്തികമുള്ള കുടുംബത്തിലെ അംഗമാണ്. ഭർത്താവ് സാബുവും അവളും ചേർന്ന് ഒരു സ്വകാര്യ കമ്പനി നടത്തുന്നു. അത്യാവശ്യം അറിവും വിദ്യാ ഭ്യാസവും നല്ല പെരുമാറ്റവുമുള്ള അവൾ ഓഫീസിൽ എല്ലാവർക്കും പ്രിയങ്കരിയാണ്. കുടുംബ ത്തിലും ഓഫീസിലും തന്റെ സ്ഥാനം നഷ്ടപ്പെടുമോ എന്ന ഭയത്താൽ സാബു എപ്പോഴും അവളെ താഴ്ത്തിക്കെട്ടിക്കൊണ്ടേയിരിക്കും. പൊതു ചടങ്ങുകളിലും മറ്റും അവളുടെ കുറവു കൾ ചൂണ്ടിക്കാണിക്കുക അയാളുടെ ഒരുതരം ഹോബിയാണ്.

**സ്നേഹത്തിന്റെയും കരുണയുടെയും സമഭാവനയുടെയും സത്ഫലങ്ങൾ പൊഴിക്കുക... നീ ജീവിതത്തിൽ ഉയർന്നുകൊണ്ടേയിരിക്കും. കസേരകളിലല്ല, മറിച്ച് മനുഷ്യഹൃദയങ്ങളിൽ...**

ഇന്ന് ജീവിതത്തിന്റെ താഴേത്തട്ടുമുതൽ രാഷ്ട്രീയംവരെ എല്ലാവരും സ്ഥാനത്തിനുവേണ്ടിയുള്ള നെട്ടോട്ടത്തിലാണ്. സ്ഥാനഭ്രംശം സംഭവിക്കുമോ എന്ന ഭയം ഏതു വിധേയനെയും സ്ഥാനം നിലനിർത്താനുള്ള വ്യഗ്രതയിലേക്ക് ഒരുവനെ എത്തിക്കുന്നു. ഉള്ളവന് അതു പോകാതിരിക്കുവാനും ഇല്ലാത്തവന് അതു നേടിയെടുക്കാനുമുള്ള അടങ്ങാത്ത ദാഹം. അതിനിടയിൽ കിടന്ന് ഞെരിഞ്ഞമരുന്ന ചില മനുഷ്യജന്മങ്ങളെ അവർ ഗണിക്കുന്നതേയില്ല.

എന്നാൽ ഈശോ നേടിയ സ്ഥാനങ്ങളൊക്കെ മനുഷ്യഹൃദയങ്ങളിലായിരുന്നു. അവന്റെ നോട്ടവും സംസാരവും പെരുമാറ്റവും സ്പർശനങ്ങളും അനുഗ്രഹിക്കലുകളുമെല്ലാം എത്തിനിന്നത് വിങ്ങുന്ന മനുഷ്യഹൃദയങ്ങളെ ചേർത്തുനിർത്തുന്നതിലായിരുന്നു. അപേക്ഷിച്ചാൽ ഉപേക്ഷിക്കാത്ത ഒരു ദൈവത്തെ അവനിൽ അവർ കണ്ടു. ഏതു പ്രതിസന്ധിയിലും ഓടിയണയുവാൻ, തങ്ങളുടെ കണ്ണുനീർത്തുള്ളികളെ വിലയ്ക്കെടുക്കുന്ന ഒരു ഹൃദയത്തിന്റെ സ്പന്ദനങ്ങൾ അവർ തൊട്ടറിഞ്ഞു. എത്ര വലിയ പാപിയെയും ഉൾക്കൊള്ളുന്ന സ്നേഹത്തിന്റെ ആഴം അവർ രുചിച്ചറിഞ്ഞു. ഏതു പ്രതിസന്ധിഘട്ടങ്ങളിലും 'ധൈര്യമായിരിക്കുക; ഞാൻ കൂടെയുണ്ട്' എന്ന ഉറപ്പ് അവരെ വീണ്ടും ജീവിക്കാൻ പ്രേരിപ്പിച്ചു. ആരും തന്നെ ശ്രദ്ധിക്കുന്നില്ല എന്നു കരുതുമ്പോഴും തങ്ങളെ സദാ കണ്ടുകൊണ്ടിരിക്കുന്ന ഒരു ഉള്ളം കയ്യെപ്പറ്റി അവൻ അവരെ ഓർമ്മപ്പെടുത്തി. താഴ്ത്തപ്പെടുന്ന വേളകളിൽ, സർവ്വവും ത്യജിച്ച് ഭൂമിയോളം നിനക്കുവേണ്ടി താഴ്ന്നവനാണവൻ എന്ന് ഓർമ്മിപ്പിച്ചു. പരിഹസിക്കപ്പെടുമ്പോൾ, കുറ്റപ്പെടുത്തപ്പെടുമ്പോൾ, തെറ്റുധരിക്കപ്പെടുമ്പോൾ, പീഡിപ്പിക്കപ്പെടുമ്പോൾ, നിന്ദിക്കപ്പെടുമ്പോൾ, ഒരു തെറ്റും ചെയ്യാതെ നീ വിധിക്കപ്പെടുമ്പോൾ... ഇതെല്ലാം നിനക്കുമുമ്പേ നിനക്കുവേണ്ടി ഏറ്റെടുത്തവനാണവൻ...

പക്ഷേ, അവന്റെ ജീവിതം മൺമറഞ്ഞുപോയില്ല. അവനിന്നും ജീവിക്കുന്നു, മനുഷ്യഹൃദയങ്ങളിൽ... ഈ പ്രപഞ്ചത്തിന്റെ മുഴുവൻ അനുഗ്രഹമായി...

സ്ഥാനം പിടിച്ചുവാങ്ങാവുന്ന ഒന്നല്ല. മറിച്ച് അപരൻ അവന്റെ ഔദാര്യത്തിൽനിന്ന്, സ്നേഹത്തിൽനിന്ന്, ഹൃദയപൂർവ്വം നല്കുന്ന ഒരു സമ്മാനമാണത്. മാതാപിതാക്കൾ ജന്മം നല്കി എന്ന കാരണത്താൽ മക്കളുടെ ജീവിതത്തിൽ അപ്പനമ്മമാരാകുന്നില്ല. പിതൃത്വത്തിന്റെ വാത്സല്യവും മാതൃത്വത്തിന്റെ പരിലാളനയും സംരക്ഷിക്കുന്ന കരങ്ങളും അവരുടെ ഹൃദയങ്ങളോളം നീളുമ്പോൾ സ്വാഭാവികമായി അവരുടെ ജീവിതത്തിൽ മാതാപിതാക്കൾ ജന്മം കൊള്ളുന്നു. തനിക്കീ വീട്ടിൽ ഒരു സ്ഥാനവുമില്ല എന്നു ധരിച്ച് പുറംസ്നേഹം അന്വേഷിച്ചു നടക്കുന്ന മക്കളും ഇതിൽനിന്നും വ്യത്യസ്തരല്ല. നാമറിയാതെതന്നെ എത്ര നല്ല സൗഹൃദങ്ങളാണ് നമ്മുടെ ഹൃദയത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളത്!

'താനിരിക്കേണ്ടിടത്ത് താനിരുന്നില്ലെങ്കിൽ നായ് കയറിയിരിക്കും' എന്ന പഴമൊഴി ഇവിടെ ഓർമ്മിക്കുന്നത് നന്നായിരിക്കും. ദൈവം ഓരോരുത്തർക്കും ഓരോ സ്ഥാനം നല്കിയിട്ടുണ്ട്. ചില സ്ഥാനങ്ങൾ ജീവിതത്തിൽ കൂട്ടിച്ചേർക്കപ്പെടുന്നുമുണ്ട്. നല്കപ്പെട്ട സ്ഥാനങ്ങൾക്ക് അനുയോജ്യരായിരിക്കുക. അവിടെ സ്നേഹത്തിന്റെയും കരുണയുടെയും സമഭാവനയുടെയും സത്ഫലങ്ങൾ പൊഴിക്കുക... നീ ജീവിതത്തിൽ ഉയർന്നുകൊണ്ടേയിരിക്കും. കസേരകളിലല്ല, മറിച്ച് മനുഷ്യഹൃദയങ്ങളിൽ...



# വിശ്വസ്തത അണിയുക ഉടയാടപോലെ

**മെർലിറ്റ് അഞ്ചാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**വി**ശുദ്ധഗ്രന്ഥത്തിൽ സുഭാഷിതങ്ങളുടെ പുസ്തകത്തിൽ ഇങ്ങനെ വായിക്കുന്നു: "കരുണയും വിശ്വസ്തതയും നിന്നെ പിരിയാതിരിക്കട്ടെ; അവയെ നിന്റെ കഴുത്തിൽ ധരിക്കുക; ഹൃദയഫലകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുക" (സുഭാ 3,3). ജന്മം നല്കിയ ദൈവത്തെയും ജീവിതമൊരുക്കിയ മാതാപിതാക്കളെയും വഴിയാത്രയിൽ തണലായിനിന്ന പ്രിയപ്പെട്ടവരെയും അവഗണിച്ച് കരം പിടിച്ചവരുടെ കൈ കുടഞ്ഞെറിഞ്ഞ് തന്നിഷ്ടക്കാരായി ജീവിക്കുന്നവരുടെ ലോകത്തിലാണ് നാം. ഹൃദയത്തിൽ കനിവും നന്മയും വറ്റിയ, അവിശ്വസ്തതയുടെയും അധാർമ്മികതയുടെയും പുറങ്കുപ്പായം ധരിച്ച ജീവിതങ്ങൾക്ക് പഞ്ഞമില്ലാത്ത ഒരു ലോകം. അനുഗ്രഹവഴികളെ തീരാശാപത്തിന്റെ തീച്ചൂളയാക്കി മാറ്റിയിട്ടും പ്രത്യേകിച്ച് ഒന്നും സംഭവിച്ചില്ലെന്ന മട്ടിൽ പ്രതികരിക്കുന്ന മനുഷ്യൻ. ഇതൊക്കെയാണ് ഇന്നിന്റെ മുഖം. കടിഞ്ഞാണില്ലാത്ത കുതിര കണക്കെ പായുന്ന മോഹങ്ങളുടെയും വ്യർത്ഥസ്വപ്നങ്ങളുടെയും മായാപ്രപഞ്ചത്തിൽ തിമിർത്തു രസിക്കാനുള്ള അഭിവാഞ്ഛ പലപ്പോഴും ധന്യമായ ഈ ജീവിതത്തിന്റെ അന്ത്യമായി പരിണമിക്കുകയാണ്.

'എന്തു വന്നാലും എനിക്കാസ്വദിക്കണം മുന്തിരിച്ചാറുപോലുള്ളൊരീ ജീവിതം' എന്നു കവി പാടിയതുപോലെയുള്ള മനോഭാവങ്ങൾ നമ്മിലും നമുക്കു ചുറ്റിലും ഏറി വരുന്നു. കൊണ്ടും കൊടുത്തും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സഹവർത്തിത്വത്തിന്റെയും മൂല്യങ്ങൾ സ്വന്തമാക്കിയ ഒരു കാലമുണ്ടായിരുന്നു. ഇന്നത് വിലകെട്ട, ജീവനില്ലാത്ത വിടുവാക്കുകളായി മാറിയിരിക്കുന്നു. പരസ്പര വിശ്വാസവും വിധേയത്വവും സത്യം മുറുകെപ്പിടിക്കുവാ

നുള്ള സന്നദ്ധതയുമെല്ലാം ഒരു സമൂഹത്തിന്റെ ധാർമ്മികതയുടെ അടിത്തൂണുകളായിരുന്നെങ്കിൽ ഇന്നതിന് ശോഷണം സംഭവിച്ചു എന്നത് ഭയപ്പാടോടെ വേണം കാണുവാൻ.

അണുകുടുംബങ്ങളിലേക്ക് ലോകം ചുരുങ്ങി; അകൽച്ചയുടെ അതിർവരമ്പുകളിലേക്ക് ഹൃദയങ്ങളും ബന്ധങ്ങളും ഒതുങ്ങി. സ്വന്തം ഇഷ്ടാനിഷ്ടങ്ങളുടെ സ്ക്രീനിൽ വരച്ചിട്ട ചിത്രങ്ങളും എഴുതിച്ചേർത്ത വരികളും മാത്രം വായിച്ചു തൃപ്തിയടയുന്ന സുഖാമ്പേഷികളുടെ എണ്ണം ക്രമാതീതമായി പെരുകി. മൂല്യങ്ങളുടെ അടിത്തറയിളകിയ കുടുംബങ്ങളും പ്രസ്ഥാനങ്ങളും വ്യക്തികളും ഭരിക്കുന്ന ഇടങ്ങളിൽ ഒരു തലമുറ എങ്ങനെ മൂല്യാധിഷ്ഠിത അഭ്യസനം നടത്തും? ദൈവത്തെയോ മനുഷ്യരെയോ ഭയപ്പെടുകയോ ആദരിക്കുകയോ ചെയ്യാത്ത ഇത്തരം സംവിധാനങ്ങളും ധാർമ്മികതയ്ക്ക് അണുപോലും വില കല്പിക്കാത്ത മാധ്യമ ആവിഷ്കാരങ്ങളും സമൂഹത്തെ, പ്രത്യേകിച്ച് കുട്ടികളെയും യുവജനങ്ങളെയും തെറ്റിന്റെ വഴിയിലേക്കു നയിക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട് എന്നു തിരിച്ചറിയാൻ; അഥവാ, തിരിച്ചറിഞ്ഞാൽ തന്നെ വേണ്ട തിരുത്തലുകൾ സ്വീകരിക്കുവാൻ വൈമനസ്യം കാണിക്കുന്നു എന്നത് ഗൗരവമായി മനസ്സിലാക്കേണ്ടതുണ്ട്. മൊബൈൽ ഫോൺ, ഇന്റർനെറ്റ് മുതലായവയുടെ ദുരുപയോഗവും സത്യം, നീതി, വിശ്വസ്തത, വിശുദ്ധി തുടങ്ങിയ ശ്രേഷ്ഠമായ മൂല്യങ്ങളെ പാടേ തമസ്കരിച്ച് ചില ചാനലുകാർ പടച്ചുവിടുന്ന സീരിയലുകളും 'ഇതാണു ജീവിതം' എന്ന തെറ്റായ ധാരണയിലേക്ക് സമൂഹത്തെ നയിക്കാൻ ഇടയാക്കുന്നു. മൂല്യങ്ങളുടെ അഭ്യസനം നടക്കേണ്ട കളരി കുടുംബമാണെന്നിരിക്കേ പരസ്പരം വിശ്വാസമില്ലാത്ത, അംഗീകരിക്കാത്ത, വിശ്വസ്തത പുലർത്താത്ത, ആത്മീയതയുടെ ചൈതന്യമില്ലാത്ത കുടുംബങ്ങളിൽ ജീവിക്കുന്ന വ്യക്തികൾക്ക് എങ്ങനെയാണ് മക്കൾക്കും വരുംതലമുറയ്ക്കും സനാതന സത്യങ്ങൾ കൈമാറുവാൻ സാധിക്കുക?




പ്രശസ്തിയും ധനവും ആഡംബരജീവിതവുമല്ല ഒരുവനെ മനുഷ്യനാക്കുന്നത്. വി. പൗലോസ്ശ്ലീഹാ പറയുന്നു: "ഈശോമിശിഹായുടെ മനോഭാവം നിങ്ങളിലുണ്ടായിരിക്കട്ടെ" (ഫിലി 2,5). അവൻ ദൈവമായിരിക്കേ ദൈവത്തോടുള്ള സമാനത മുറുകെപ്പിടിക്കാതെ സ്വയം ശൂന്യനാക്കി ദാസന്റെ വേഷം സ്വീകരിച്ചവനാണ്; കുരിശുമരണം വരെ അനുസരണയുടെ ജീവിതം നയിച്ചവനാണ്. ഈശോയെ മാതൃകയാക്കുവാൻ നമുക്കു സാധിക്കണം. വ്യക്തിബന്ധങ്ങളിലും കുടുംബങ്ങളിലും മറ്റു പ്രസ്ഥാനങ്ങളിലും വിധേയത്വവും വിശ്വസ്തതയും അനുസരണവും നിർബന്ധമായും പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തണം.

ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ പറയുന്നത് ഇപ്രകാരമാണ്: "അവിശ്വസ്തത ഒരു നിമിഷത്തെ ബലഹീനതയിൽ സംഭവിക്കുന്നതല്ല.

***"അവിശ്വസ്ത പെട്ടെന്ന് ഒരു നിമിഷത്തെ ബലഹീനതയിൽ സംഭവിക്കുന്നതല്ല; ദൈവത്തിന്റെ സ്നേഹത്തിന്റെ പദ്ധതിയോടുള്ള ദീർഘകാലത്തെ നിസ്സഹകരണത്തിലൂടെ കടന്നുവരുന്നതാണ്".***

അനുദിനം ദൈവം നമുക്കായി ഒരുക്കുന്ന ക്രമീകരണങ്ങളെ അവഗണിച്ച് ദീർഘകാലം അവിടുത്തെ പദ്ധതികളോടു സഹകരിക്കാതിരിക്കുന്നതുമൂലം സംഭവിക്കുന്നതാണ്". ജീവിതം ഇവിടെ അവസാനിക്കുന്നതല്ലെന്നും ദൈവത്തിലെത്തിച്ചേരുന്നതുവരെ ദൈവോന്മുഖരായി ജീവിക്കേണ്ടതാണെന്നും, അതുകൊണ്ടുതന്നെ ദൈവത്തിനു നിരക്കാത്തത് മനുഷ്യനെന്ന നിലയിൽ നമുക്കു ചേരാത്തതാണെന്നും തലമുറകൾക്കു പകർന്നു നല്കേണ്ട പാഠങ്ങളാണ്. ദൈവസന്നിധിയിൽ തുറക്കപ്പെട്ട പുസ്തകങ്ങളായിരിക്കണം നമ്മുടെ ജീവിതങ്ങൾ. അതുപോലെ ആർക്കും വായിക്കാൻ സാധിക്കുന്ന അവികലമായ, കാപട്യമില്ലാത്ത, സ്നേഹാധിഷ്ഠിതമായ ജീവിതമായിരിക്കട്ടെ നമ്മുടേത്. "ദൈവം വിശ്വസ്തനാണ്". അതുകൊണ്ട് എല്ലാക്കാര്യങ്ങളിലും നമുക്കും വിശ്വസ്തരായിരിക്കാം - ദൈവത്തോട്, മനുഷ്യനോട്, പ്രപഞ്ചത്തോട്.

# ആശ്രയം നീ മാത്രം

അപ്പമായ്തീർന്നവൻ ഒപ്പം വസിക്കുന്നു
അൾത്താരതന്നിലും അരുമയാമെന്നിലും
ആനന്ദമേകുവാനാശ്വാസമേകുവാൻ
ആത്മാവേ നല്കുവാനെന്നിൽ വസിക്കുന്നു

അമ്മതൻ സ്നേഹമതിശയിക്കുംവിധം
അനുഗ്രഹിച്ചെന്നെ വഴിനടത്തീടുന്നു
ആപത്തനർത്ഥനങ്ങളെന്തു വന്നീടിലും
ആശ്വാസമേകുന്നഭിഷേക തൈലത്താൽ

അനുദിനമൾത്താര തന്നിൽ മുറിയുന്നു
അത്താണിയാകുന്നപരന് സാന്ത്വനം
ആണിപ്പാടുള്ളൊരാ പാണിവിരിക്കുന്നു
ആനന്ദവായ്പ്പോടെ പുൽകിയുറക്കുന്നു

ആരാരുമറിയാത്തകലാത്ത കാവലാൾ
ആത്മാവിലുണർത്തുന്നനശ്വര സംഗീതം
ആത്മനാഥാ നിന്നിൽ മാത്രമീ ജീവിതം
ആരിലും ആശ്രയം തേടില്ലൊരിക്കലും

**അനിത ആത്രശ്ശേരിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



# യാചിക്കുന്ന ദൈവം

സ്റ്റെഫി മംഗലത്തുകുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

"പൂർവ്വകാലങ്ങളിൽ പ്രവാചകന്മാർ വഴി വിവിധ ഘട്ടങ്ങളിലും വിവിധ രീതികളിലും ദൈവം നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചിട്ടുണ്ട്. എന്നാൽ ഈ അവസാന നാളുകളിൽ തന്റെ പുത്രൻ വഴി അവിടുന്നു നമ്മോടു സംസാരിച്ചിരിക്കുന്നു" (ഹെബ്രാ 1,1–2).

സർവ്വപ്രപഞ്ചത്തിന്റെയും സ്രഷ്ടാവായവൻ, തന്റെ അനേക സൃഷ്ടികളിൽ ഒന്നുമാത്ര മായ മനുഷ്യനോടു സംസാരിക്കുവാൻ അവന്റെ നേർക്ക് താണിറങ്ങിവന്നു. "ദൈവത്തിന്റെ രൂപത്തിലായിരുന്നിട്ടും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ടു ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിലായിത്തീർന്ന് ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു" (ഫിലി 2,6–8). ദൈവത്തിന്റെ പദവി വിട്ടിറങ്ങി ദൈവം നമ്മോടു ദാക്ഷിണ്യത്തോടെ സംസാരിക്കുന്നു. സമാനതകളില്ലാത്ത സ്നേഹം. "അവിടുത്തേക്കു തുല്യമായി ആരുമില്ല. അവിടുത്തെ പ്രവൃത്തികൾക്കു സമാനമായി ഒന്നുമില്ല" (സങ്കീ 86,8). കുരിശിൽ തറയ്ക്കപ്പെട്ടപ്പോൾ ഈശോയ്ക്ക് ഒരു ശരീരമുണ്ടായിരുന്നു. എന്നാൽ എന്നേയ്ക്കും മനുഷ്യരോടു കൂടെയായിരിക്കുവാൻ പരിശുദ്ധ കുർബാനയോളം ചെറുതായപ്പോൾ ശരീരത്തിന്റെ വലിപ്പവും അവിടുന്ന് ഉപേക്ഷിക്കുന്നു. ഹാ! ഈ സ്നേഹത്തെ മനസ്സിലാക്കുവാൻ നമുക്കെങ്ങനെ സാധിക്കും? അഹംഭാവവും സ്വാർത്ഥതയും നിറഞ്ഞ ഈ ലോകത്തിൽ ദൈവത്തിന്റെ ഈ സ്നേഹം വേണ്ടത്ര ആസ്വദിക്കാനാവുകയില്ല.

മനുഷ്യരുടെ കരവേലയ്ക്കപ്പുറത്തുനിന്ന് ഈ പ്രപഞ്ചത്തെ ഒന്നു വീക്ഷിച്ചാൽ, ഹരിതാഭമായ പ്രകൃതി, പ്രകാശം തരുന്ന സൂര്യൻ, ഇരുളിലെ നുറുങ്ങുവെട്ടമായി ചന്ദ്രൻ, താനെ നിറയുന്ന ഉറവകൾ, ഫലംതരുന്ന വൃക്ഷങ്ങൾ.... സൃഷ്ടിയുടെ വൈവിദ്ധ്യത്തെക്കുറിച്ച് മനസ്സിലാക്കുക ദുഷ്കരം.

സൃഷ്ടിച്ചവനും നാമും തമ്മിലുള്ള ഈ സമാനതകളില്ലാത്ത അവസ്ഥ വ്യക്തമാകുമ്പോൾ നാം പറയും, ദൈവവുമായുള്ള നമ്മുടെ പൊരുത്തമില്ലായ്മ എത്രയോ വലുത്! പക്ഷേ, ദൈവം അതിരറ്റ വാത്സല്യത്തോടെ ഈ പാവം സൃഷ്ടിയെ നോക്കുന്നു. എല്ലാം ദാനമായി തന്ന അവിടുത്തേക്കു നൽകുവാൻ നമുക്ക് എന്തുണ്ട്? നമ്മുടെ സ്നേഹം മാത്രം.

അല്പായുസ്സുമാത്രമുള്ള മനോഹര പുഷ്പവും ചെറുജീവിതത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന കുഞ്ഞുറുമ്പും 'എല്ലാം അടക്കിഭരിക്കുന്ന' ഈ മനുഷ്യനും തമ്മിൽ ദൈവതിരുമുമ്പിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? അവിടുത്തേക്ക് എല്ലാം തന്റെ സൃഷ്ടിതന്നെ. എങ്കിലും മാലാഖമാരെക്കാൾ അല്പം താഴെയായി അവിടുന്ന് മനുഷ്യനെ സൃഷ്ടിച്ചു (സങ്കീ 8). എന്തുകൊണ്ട്? അവിടുത്തേക്ക് മനുഷ്യനോടുള്ള സ്നേഹത്തെപ്രതി. ഈ സ്നേഹം ഒരു വലിയ രഹസ്യംതന്നെ. പിതാവ് വെളിപ്പെടുത്താൻ മനസ്സാകുന്നില്ലെങ്കിൽ നമുക്കതു മനസ്സിലാക്കുക അസാധ്യം.

കഠിനമായ ഏകാന്തത അനുഭവിക്കുന്ന ഒരു മനുഷ്യന് എല്ലാവരുടെയും സ്നേഹം ആവശ്യമുണ്ട്, അതിനായി ആഗ്രഹവുമുണ്ട്. പക്ഷേ ഒരിക്കലെങ്കിലും അത് ആവശ്യപ്പെടാൻ അവന്റെ 'മാന്യത' അവനെ അനുവദിക്കുന്നില്ല. എന്നാൽ ദൈവമോ? അവിടുന്ന് 'ഈ മാന്യതയെ' നഷ്ടപ്പെടുത്തി സൃഷ്ടിയുടെ സ്നേഹം യാചിക്കുന്നു.

സ്നേഹത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ഈ ആവശ്യം വിശദീകരിക്കാനാവാത്തതാണ്. ദൈവത്തിനു സ്നേഹം ആവശ്യമുണ്ടെന്നു പറയുന്നതുപോലും ശരിയല്ല. കാരണം "ആദ്യം അവിടുന്നാണു നമ്മെ സ്നേഹിച്ചത്" (1 യോഹ 4,19). "സ്നേഹം ദൈവത്തിൽ നിന്നുള്ളതാണ്" (1 യോഹ 4,7). എന്താണ് ദൈവസ്നേഹത്തിന്റെ പ്രത്യേകത? അത് ആവശ്യപ്പെടുന്ന സ്നേഹമാണ്. എങ്കിൽ നമുക്കെന്തു മറുപടിയുണ്ട്? ഈ കൊച്ചു സൃഷ്ടിക്ക് ഒന്നും നൽകാനില്ല; കാരണം "ദൈവം സ്നേഹമാണ്" (1 യോഹ 4,8). എങ്ങനെ സ്നേഹിക്കണമെന്നു നമ്മെ പഠിപ്പിച്ചതും ദൈവമാണ്.

**ദൈവം നമ്മെ സ്നേഹിക്കുകമാത്രം ചെയ്യുന്നു, നമ്മുടെ നന്മ മാത്രം ആഗ്രഹിക്കുന്നു എന്ന സത്യം മനസ്സിലാക്കുക. ദൈവം നമ്മെ സ്നേഹിച്ചതുപോലെ നമുക്കു ദൈവം തന്നവരെയും സ്നേഹിക്കുക.**

അതുകൊണ്ട് നാം എന്തു ചെയ്യണം:

-ദൈവം നമ്മെ സ്നേഹിക്കുകമാത്രം ചെയ്യുന്നു, നമ്മുടെ നന്മ മാത്രം ആഗ്രഹിക്കുന്നു എന്ന സത്യം മനസ്സിലാക്കുക: "കഷ്ടതയുടെ അപ്പവും ക്ലേശത്തിന്റെ ജലവും നിനക്കു തന്നാലും നിന്റെ ഗുരു നിന്നിൽ നിന്ന് മറഞ്ഞിരിക്കുകയില്ല" (ഏശ 30,20).

-ഈ സ്നേഹത്തോട് നന്ദിയുള്ള ജീവിതം നയിക്കുക: "എന്റെ മുമ്പിൽ വ്യാപരിക്കുക, കുറ്റമറ്റവനായി വർത്തിക്കുക" (ഉൽപ 17,1).

-ദൈവം നമ്മെ സ്നേഹിച്ചതുപോലെ നമുക്കു ദൈവം തന്നവരെയും സ്നേഹിക്കുക: "ദൈവത്തെ സ്നേഹിക്കുന്നവൻ സഹോദരനെയും സ്നേഹിക്കണം" (1 യോഹ 4,21).



# പൂർണ്ണതയിലെത്തുന്ന യാത്ര

റവ. ഫാ. ആന്റണി പൊന്തേക്കൻ
പാലക്കാട് രൂപത

**കൂ**ദാശകളിലൂടെയും ശ്ലീഹന്മാരുടെ പ്രബോധനങ്ങളിലൂടെയും വിശുദ്ധീകരിക്കപ്പെട്ട തന്റെ മണവാട്ടിയായ സഭയെ മണവാളനായ മിശിഹായ്ക്ക് സമർപ്പിക്കുന്നതാണ് പള്ളിക്കൂദാശക്കാലത്തിന്റെ ആത്യന്തികമായുള്ള ആദ്ധ്യാത്മികത. ഈ കാലഘട്ടം, അതായത് പള്ളിക്കൂദാശക്കാലം, ആരാധനക്രമ വത്സരത്തിലെ അവസാനത്തെ കാലഘട്ടമാണ്. സ്വർഗ്ഗത്തെക്കുറിച്ച് അതു നമ്മെ ഓർമ്മിപ്പിക്കുന്നു. മനുഷ്യൻ ഈ ലോകത്തിനുവേണ്ടി മാത്രമുള്ളയാളല്ല, മറിച്ച് സ്വർഗ്ഗോന്മുഖമായി യാത്ര ചെയ്യുന്ന ഒരു യാത്രക്കാരനുംകൂടിയാണ്. അവന്റെ യാത്ര ദൈവസന്നിധിയിൽ പൂർത്തിയാകുന്നതിനെ ഓർമ്മപ്പെടുത്തുന്ന ഒരു കാലഘട്ടമാണ് പള്ളിക്കൂദാശാക്കാലം. പള്ളി എന്നാൽ സഭ. കൂദാശ എന്നു പറയുന്നത് നമുക്കറിയാവുന്നതുപോലെ അദൃശ്യമായ പ്രസാദവരം നമുക്കു നല്കുന്ന ദൃശ്യമായ അടയാളമാണല്ലോ. അങ്ങനെയാണെങ്കിൽ തിരുസ്സഭയാകുന്ന തന്റെ മണവാട്ടിയെ മിശിഹാ ദൈവപിതാവിന് സമർപ്പിക്കുന്നതാണ്, മേൽസൂചിപ്പിച്ചതുപോലെ, ഈ കാലഘട്ടം നമ്മെ ഓർമ്മിപ്പിക്കുന്നത്.

ഈ കാലഘട്ടത്തിൽ നാം നമ്മുടെ ഉത്തരവാദിത്വം വിശ്വാസികളെന്ന രീതിയിൽ എന്തുമാത്രം ഓർക്കുന്നു. വിശുദ്ധിതന്നെയായ ദൈവത്തിന് അനുയോജ്യരായിത്തീരുവാൻ സ്നേഹംകൊണ്ടും നന്മകൊണ്ടും എത്രമാത്രം നമ്മെ വിശുദ്ധീകരിക്കുന്നു എന്ന് വിചിന്തനം ചെയ്യാനുള്ള ഒരു ആത്മപരിശോധനയുടെ കാലംകൂടിയാണിത്. നാം എങ്ങനെ നമ്മുടെ ദേഹമാകുന്ന ദൈവാലയത്തെ സ്വയം അലങ്കരിച്ചു എന്ന് കണ്ണുതുറന്നു നോക്കാനുള്ള അവസരം. വിശുദ്ധ വചനത്തിൽ പറയുന്നുണ്ടല്ലോ വിശുദ്ധി കൂടാതെ ആർക്കും ദൈവത്തെ പ്രസാദിപ്പിക്കാൻ സാധിക്കുകയില്ല എന്ന്. പരമാർത്ഥ ഹൃദയർ ദൈവത്തെ കാണുമെന്നും വചനം നമ്മെ ഓർമ്മിപ്പിക്കുന്നു. സ്വയം വിശുദ്ധീകരിക്കാനും ചിന്തകളെയും പ്രവൃത്തികളെയും വിലയിരുത്തുവാനുംകൂടിയുള്ള കാലഘട്ടമാണിത്.

എങ്ങനെയാണ് നാം ഒരു യാത്രയ്ക്ക് ഒരുങ്ങുക എന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഉദാഹരണത്തിന് വിശുദ്ധനാട് തീർത്ഥാടനത്തിന് പോകുന്നതിനുമുമ്പായി നാം തീർച്ചയായും വലിയ ഒരു ഒരുക്കം എല്ലാ മേഖലയിലും നടത്തും. നമ്മുടെ കടബാദ്ധ്യതകളും കടങ്ങളും തെറ്റുകളും എല്ലാം തീർക്കും. അനുരഞ്ജനകൂദാശ സ്വീകരിക്കും. സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കും. ഇതുപോലെ ആദ്ധ്യാത്മികവും ഭൗതികവും ആന്തരികവും ബാഹ്യവുമായ ഒരുക്കങ്ങളൊക്കെ നടത്തും. കാരണം ഒരുവൻ തന്റെ ജീവിതാഭിലാഷമായി അതിനെ കാണുന്നു. മനുഷ്യന്റെ ആദ്ധ്യാത്മികജീവിതത്തിന്റെ ഒരുക്കങ്ങൾ എത്ര മനോഹരമായാലും ലക്ഷ്യത്തിൽ എത്തിയില്ലെങ്കിൽ പിന്നെ അവൻ വിസ്മരിക്കപ്പെടും. ഈശോയുടെ രക്ഷാകരചരിത്രത്തിൽ ആനന്ദിച്ച്, അവിടുത്തെ കുരിശുമരണത്തെക്കുറിച്ചു ധ്യാനിച്ച്, ശ്ലീഹന്മാരിൽ അടിസ്ഥാനമിട്ട് ഇന്നും വളരുന്ന സഭയോടുകൂടി സഭാതനയർ നടത്തുന്ന ജീവിതയാത്ര ഏറ്റം മനോഹരവും നന്മപൂർണവുമായിരിക്കണം. ഇടയ്ക്കുള്ള യാത്രകൾ മനോഹരമാക്കിയാലും ഈശോയ്ക്കു തന്നെത്തന്നെ പൂർണ്ണതയോടെ നല്കാൻ സാധിച്ചില്ലെങ്കിൽ ആ യാത്രകൾ വ്യർത്ഥമാണ് എന്ന് പള്ളിക്കൂദാശക്കാലം നമ്മെ ഓർമ്മിപ്പിക്കുന്നു. ആദ്ധ്യാത്മികതയുടെ ആഴത്തിലേക്ക് എത്തുന്നവർ മാത്രമാണ് ദൈവതിരുമുമ്പിൽ അനുസ്മരണായോഗ്യരാകുന്നത്.

# ഞാൻ ഈശോയുടേത്

**ദേവീ മേനോൻ (റോസ് മരിയ)**

'നീ നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണ മനസ്സോടുംകൂടെ സ്നേഹിക്കുക'. 'നിന്റെ കർത്താവായ ദൈവം ഞാനാകുന്നു. ഞാനല്ലാതെ മറ്റൊരു ദൈവം നിനക്കുണ്ടാകരുത്'. ദൈവകല്പനകളിൽ ആദ്യത്തേതും പ്രധാനപ്പെട്ടതുമായ കല്പന. പലപ്പോഴും തെറ്റിദ്ധരി(പ്പി)ക്കപ്പെട്ടു പോകുന്ന കല്പന. എന്നെമാത്രം ആരാധിക്കണം എന്നു പറയുന്നതിൽ എന്തു യുക്തിയാണുള്ളത് എന്ന് പലരും ചോദിച്ചു കേട്ടിട്ടുണ്ട്. ഇതിനു മറുപടിയായി എന്റെ ചിന്തയിലുദിച്ച ചില കാര്യങ്ങൾ പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.



സ്നേഹം എന്താണെന്ന് കോറിന്തോസ്സുകാർക്കെഴുതിയ ഒന്നാം ലേഖനത്തിലെ 13-ാം അദ്ധ്യായത്തിൽ പൗലോസ്ശ്ലീഹാ വളരെ വ്യക്തമായി പറയുന്നുണ്ട്. 7-ാം വാക്യത്തിൽ ഇങ്ങനെ പറയുന്നു: "സ്നേഹം സകലതും സഹിക്കുന്നു; സകലതും വിശ്വസിക്കുന്നു; സകലതും പ്രത്യാശിക്കുന്നു; സകലത്തെയും അതിജീവിക്കുന്നു". സ്നേഹിക്കുന്നവർക്കുവേണ്ടി എന്തും സഹിക്കാൻ നമുക്കാവും. നാം സ്നേഹിക്കുന്നവരെ നാം അങ്ങേയറ്റം വിശ്വസിക്കും. എന്തു മാത്രം തോൽവികളും തളർച്ചകളും വേദനകളും ഉണ്ടെങ്കിലും സ്നേഹിക്കുന്നവർ ഒപ്പമുണ്ടെങ്കിൽ നാം പ്രത്യാശയോടെ മുന്നോട്ടുപോകും. ജീവിതത്തിലനുഭവപ്പെടുന്ന ഏതു പ്രതിസന്ധികളെയും സ്നേഹം കൊണ്ടു തരണംചെയ്യാൻ സാധിക്കും. ശരീരത്തിനും മനസ്സിനും ആത്മാവിനും ഒരുപോലെ ബലം നല്കാൻ സാധിക്കുന്ന ഒരു ദിവ്യ ഔഷധമാണ് 'സ്നേഹബലം'.

ദൈവവുമായുള്ള നമ്മുടെ ബന്ധത്തെ വിവാഹബന്ധത്തോടാണ് പൗലോസ്ശ്ലീഹാ ഉപമിക്കുന്നത്. നിർമ്മലയായ വധുവിനെ

> ***എല്ലാറ്റിനുമുപരി ദൈവത്തെ സ്നേഹിച്ചാൽ, ആ സ്നേഹത്തിൽമാത്രം പൂർണ്ണമായി ശരണപ്പെട്ടാൽ ഏതു പ്രതിസന്ധിയെയും അതിജീവിക്കാൻ ദൈവം നമ്മെ പ്രാപ്തരാക്കും. ഒന്നിനും, ആർക്കും നമ്മെ തോല്പിക്കാനാവില്ല.***

അവളുടെ ഭർത്താവിന് എന്നതുപോലെ നമ്മെ ഈശോയ്ക്കു സമർപ്പിക്കേണ്ടതിന് ഈശോയുമായി നമ്മുടെ വിവാഹനിശ്ചയം നടത്തി എന്ന് ശ്ലീഹാ പറയുന്നു. വിവാഹത്തിൽ മാതാപിതാക്കളെപോലും വിട്ട് സ്ത്രീപുരുഷന്മാർ ഒന്നായിത്തീരും എന്നും പറയുന്നു. ഇതിന്റെ ആന്തരികാർത്ഥവും പറയുന്നു - ഇതൊരു വലിയ രഹസ്യമാണെന്നും ഈശോയോടും സഭയോടും ബന്ധപ്പെടുത്തിയാണ് പറയുന്നതെന്നും.

സ്നേഹത്തിന്റെ ഏറ്റവും വലിയ ഒരു ഭാവമാണ് ഉടമസ്ഥത. അത് സ്വാർത്ഥതയല്ല. വലിയ സ്നേഹം തോന്നുമ്പോഴാണ് നാം നമ്മുടെ സ്വന്തമാക്കി, നമ്മുടേതാക്കിത്തീർക്കുന്നത്. വിവാഹബന്ധത്തിൽ പൂർണ്ണമായ വിധേയപ്പെടൽ (ഉടമസ്ഥത) ഉണ്ട്. തന്റേതാക്കി വയ്ക്കുന്ന, പകുത്തുനല്കാൻ പറ്റാത്ത വലിയ ഒരു കരുതലിന്റെ സ്നേഹബലം. 'നീ എന്റെ സ്വന്തമാണ്; നിന്നെ ആർക്കും വിട്ടുകൊടുക്കില്ല' എന്ന് എല്ലാവർക്കും എല്ലാവരോടും പറയാൻ പറ്റില്ല. സ്നേഹത്തിന്റെ പരമോന്നതിയിൽനിന്നും വരുന്ന ഒന്നാണത്.

ഞാൻ നിന്റേതും നീ എന്റേതുമാണെന്ന് പറയാൻ സാധിച്ച (യോഹ 17,10-11) ദൈവമാണ് സ്നേഹസ്വരൂപനായ ഈശോമിശിഹാ. സ്നേഹിതർക്കുവേണ്ടി ജീവൻ ബലികഴിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ലെന്നു പറഞ്ഞ അവിടുന്ന് സ്വജീവൻ ബലിയായി നല്കി നമ്മോടുള്ള സ്നേഹം വെളിപ്പെടുത്തി. എന്നാൽ ദൈവസ്നേഹത്തേക്കാളുപരിയായി മറ്റെന്തെങ്കിലും നമ്മിൽ സ്ഥാനംപിടിച്ചാൽ തന്റെ സ്നേഹത്തിലേക്ക് അവിടുന്ന് നമ്മെ തിരിച്ചുകൊണ്ടുവരും. ആ കാര്യത്തിൽ അസഹിഷ്ണുവാണ് നമ്മുടെ ദൈവം. എന്തുകൊണ്ട് ഈ കാര്യത്തിൽ ദൈവം ഇത്ര അസഹിഷ്ണുത കാണിക്കുന്നു? അതിനുത്തരമാണ് ആദ്യം പറഞ്ഞ സ്നേഹത്തിന്റെ 'അതിജീവനം' എന്ന നിർവചനം (1 കൊറി 13,7). എല്ലാറ്റിനുമുപരി ദൈവത്തെ സ്നേഹിച്ചാൽ, ആ സ്നേഹത്തിൽമാത്രം പൂർണ്ണമായി ശരണപ്പെട്ടാൽ ഏതു പ്രതിസന്ധിയെയും അതിജീവിക്കാൻ ദൈവം നമ്മെ പ്രാപ്തരാക്കും. ഒന്നിനും, ആർക്കും നമ്മെ തോല്പിക്കാനാവില്ല.

ഒന്നാം പ്രമാണം സ്വാർത്ഥതയുടെയോ അധികാരത്തിന്റെയോ വെളിപ്പെടുത്തലല്ല, മറിച്ച്, രക്ഷയുടെ, സ്നേഹത്തിന്റെ ഒരു മാർഗമാണത് എന്നു നമുക്കു തിരിച്ചറിയാം. സർവരിലും, സർവതിലും ഉപരിയായി ദൈവത്തെ സ്നേഹിച്ചും ദൈവത്തിനു വിധേയപ്പെട്ടും ദൈവത്തിന്റെ സ്വന്തമായും നമുക്കു മുന്നേറാം.

എന്റെ ഈശോയേ, എന്നെ എന്നേക്കും പൂർണമായും അങ്ങ് സ്വന്തമാക്കണമേ. അങ്ങയെക്കാൾ ഉപരിയായി ഞാൻ ആരെയും ഒന്നിനെയും സ്നേഹിക്കാതിരിക്കട്ടെ. ഞാൻ അങ്ങയുടേതാണെന്ന പൂർണബോദ്ധ്യത്തോടെ, സന്തോഷത്തോടെ ജീവിക്കുവാൻ ഇടയാക്കണമേ. മുന്നോട്ടുള്ള ജീവിതത്തിന് അങ്ങുമാത്രം മതിയെന്ന് പൂർണഹൃദയത്തോടെ, മനോവിശ്വാസത്തോടെ, സത്യസന്ധതയോടെ, ആത്മാർത്ഥതയോടെ പറയാനും അതനുസരിച്ച് ചിന്തിക്കുവാനും പ്രവർത്തിക്കുവാനും എന്നെ സഹായിക്കണമേ.



വിചാരണ

# നാം കണ്ണുകൾ തുറക്കണം

റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ
കാഞ്ഞിരപ്പള്ളി രൂപത

"അച്ചൻ ഇനി ആ സുവിശേഷം എന്നോടു പറയരുത്". സമീപകാലത്ത് സഭയ്ക്കെതിരേ ഉണ്ടായിക്കൊണ്ടിരിക്കുന്ന ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ തന്റെ വിഷമം പങ്കുവച്ച ഒരു സുഹൃത്തിനോട് രക്തസാക്ഷികളുടെ ചുടുനിണത്താൽ തഴച്ചുവളരപ്പെട്ട സഭയാണ് നമ്മുടേതെന്നും ഒന്നും പേടിക്കേണ്ടെന്നുമൊക്കെ പറഞ്ഞ് ആശ്വസിപ്പിക്കാൻ ശ്രമിച്ച എന്റെ മുഖമടച്ചു കിട്ടിയ മറുപടിയാണിത്. അവിടംകൊണ്ടും അദ്ദേഹം അവസാനിപ്പിച്ചില്ല. "അച്ചോ, ഇറാക്കിലും സിറിയായിലുമൊക്കെ ക്രൈസ്തവർക്ക് ഉന്മൂലനാശം വന്നപ്പോഴും നിങ്ങൾ അച്ചന്മാർ ഇങ്ങനെയൊക്കെത്തന്നെയല്ലേ പറഞ്ഞുകൊണ്ടിരുന്നത്... എന്താ ഇപ്പോ അവിടുത്തെ സഭയുടെ അവസ്ഥ? വിശ്വാസത്തിന്റെ പേരിൽ ഒരു രോമംപോലും നഷ്ടപ്പെടാത്തവർക്ക് തങ്ങളുടെ സേഫ് സോണിലിരുന്നുകൊണ്ട് ഇങ്ങനെയൊക്കെ പ്രസംഗിക്കാം..." വയറുനിറച്ചു കിട്ടിയപ്പോൾ അല്പം സമാധാനമായെങ്കിലും കേട്ട കാര്യങ്ങൾ ഇപ്പോഴും ദഹിക്കാതെ ഉള്ളിൽ കിടക്കുകയാണ്. രക്തസാക്ഷികളുടെ ചുടുനിണത്താൽ തഴച്ചു വളരപ്പെട്ട സഭയാണ് നമ്മുടേതെന്നത് നമ്മൾ കേട്ടു തഴമ്പിച്ച ഒരു മുദ്രാവാക്യമാണ്. ആദിമസഭയുടെ ചരിത്രം നമ്മെ ബോധ്യപ്പെടുത്തുന്നതും മറ്റൊന്നല്ല. പക്ഷേ ആ വലിയ മുദ്രാവാക്യത്തെ ശരിയായി മനസ്സിലാക്കാൻ നമ്മൾ ഇപ്പോൾ പരാജയപ്പെടുന്നുണ്ടോ എന്ന സംശയം ഉള്ളിൽ അവശേഷിക്കുന്നു.

ചരിത്രത്തിന്റെ ഓരോ നാഴികയിലും സഭ പ്രതിസന്ധികളിലൂടെത്തന്നെയാണ് കടന്നു പോന്നിട്ടുള്ളത്. അതുകൊണ്ടുതന്നെ സഭയ്ക്കെതിരെയുള്ള ആക്രമണങ്ങളെ സഭ ഭയക്കുന്നുമില്ല. എന്നാൽ നൂതനമായ ആയുധങ്ങളുമായി യുദ്ധത്തിനിറങ്ങിയിരിക്കുന്ന ശത്രുവിനെ തിരിച്ചറിയുവാനും ഉചിതമായി പ്രതികരിക്കുവാനും നമ്മൾ പരാജയപ്പെടുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. സായുധയുദ്ധത്തെക്കാൾ ഫലപ്രദമാകുന്നത് മറ്റു പല ആധുനിക യുദ്ധമുറകളുമാണെന്ന് ശത്രു തിരിച്ചറിഞ്ഞിരിക്കുന്നു. അതു മനസ്സിലാക്കി പ്രതികരിക്കുവാൻ നാം സജ്ജരായേ മതിയാകൂ.

ഇന്ന് സഭയെയും വിശ്വാസത്തെയും ആക്രമിക്കുവാൻ ഉപയോഗിക്കപ്പെടുന്ന ഏറ്റവും വലിയ ആയുധം മാധ്യമങ്ങളാണ്. മനുഷ്യന്റെ ചിന്താശേഷിയെയും പ്രതികരണങ്ങളെയും വളരെ ആഴത്തിൽ സ്വാധീനിക്കാൻ മാധ്യമങ്ങൾക്കു കഴിയും എന്നത് നിസ്തർക്കമാണ്. അതുകൊണ്ടാണല്ലോ സമീപകാലത്തുണ്ടായ പല കേസുകളുടെയും പശ്ചാത്തലത്തിൽ പലരും സഭയിലുള്ള വിശ്വാസം നഷ്ടപ്പെട്ടു എന്നൊക്കെ പറയുന്നത്. അങ്ങനെ അഭയാക്കേസിലെ പ്രതികളായ വൈദികർ തങ്ങളുടെ കൂട്ടുപ്രതിയോടൊപ്പം ലൈംഗികബന്ധത്തിലേർപ്പെടാൻ കോട്ടയം പട്ടണത്തിലൂടെ വെളുപ്പാൻ കാലത്ത് സ്ക്കൂട്ടർ ഓടിച്ചുചെന്ന് ഹോസ്റ്റലിന്റെ മതിൽ ചാടിക്കടന്ന് അടുക്കളയിൽ പ്രവേശിച്ചു കാര്യം സാധിച്ചുവെന്ന് പല വിശ്വാസികൾപോലും ഇന്നും വിശ്വസിക്കുന്നു. കൂടാതെ പ്രതികളെ രക്ഷിക്കുവാൻ തങ്ങൾ മുണ്ടുമുറുക്കിയുടുത്തും പിടിയരി പിരിച്ചുമുണ്ടാക്കിയ അഞ്ഞൂറുകോടി സഭ ഉപയോഗിച്ചുവെന്നും. അതുപോലെ ബിഷപ് ഫ്രാങ്കോ ഒരു സന്ന്യാസസമൂഹത്തിന്റെ മേലധികാരിയായിരുന്ന ഒരു സന്ന്യാസിനിയെ അവരുടെ താമസസ്ഥലത്തുചെന്ന് പതിമൂന്നു പ്രാവശ്യം പീഡിപ്പിച്ചുവെന്നും ജനം വിശ്വസിക്കുന്നു. പലതരം കൊടുങ്കാറ്റിലും തകരാതെ നില്ക്കുന്ന സഭയുടെ കെട്ടുറപ്പിൽ കലിപ്പുള്ളവരാണ് ഇതുപോലുള്ള ആരോപണങ്ങൾ സഭയിലെ മെത്രാന്മാർക്കും വൈദികർക്കും കന്യാസ്ത്രീകൾക്കും എതിരെയുണ്ടാകുമ്പോൾ അതിന് പൊടിപ്പും തൊങ്ങലുംവച്ച് കഥകളുണ്ടാക്കി സമൂഹത്തിൽ വിതറുന്നത്. സഭയുടെ നേതൃത്വത്തിലുള്ളവരുടെ ധാർമ്മികതയെ കളങ്കപ്പെടുത്തുകയും വിശ്വാസാനുഷ്ഠാനങ്ങളെ അവഹേളിക്കുകയും ചെയ്യുകയാണ് വിശ്വാസികളെ സഭയിൽനിന്ന് അകറ്റാനുള്ള മാർഗ്ഗമെന്ന് ശത്രുവിന് നന്നായി അറിയാം. അതുകൊണ്ടുതന്നെ മുഖ്യധാരാമാധ്യമങ്ങളുൾപ്പെടെയുള്ളവർ അല്പസത്യങ്ങളെയും അസത്യങ്ങളെയും മസാലചേർത്ത് സമൂഹത്തിൽ വിളമ്പാൻ മത്സരിക്കുകയാണ്. അതിന് ഏറ്റവും പുതിയ ഉദാഹരണമാണ് കൂടത്തായി കേസിലെ പ്രതി മതാദ്ധ്യാപികയാണ് എന്നും വ്യത്യസ്ത ധ്യാനകേന്ദ്രങ്ങളിലെ നിത്യസന്ദർശകയായിരുന്നു എന്നും ഒരു സാത്താൻ സേവകൻ പടച്ചുവിട്ട സാഹിത്യം യാതൊരു അന്വേഷണവും നടത്താതെ മനോരമ അടക്കമുള്ള ചില മാധ്യമങ്ങൾ പ്രസിദ്ധപ്പെടുത്തിയത്.

അതുപോലെ ക്രൈസ്തവസമുദായത്തെ ദുർബലപ്പെടുത്തുവാനുള്ള ഏറ്റവും നല്ല മാർഗ്ഗം കുടുംബങ്ങളെ ശിഥിലീകരിക്കുകയെന്നതാണെന്നു തിരിച്ചറിയുന്നവർ ലൗ ജിഹാദ് പോലുള്ള ഹീനകൃത്യങ്ങളുമായി ക്രൈസ്തവകുടുംബങ്ങളെ തകർക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള ചതിവിൽപ്പെട്ട് അനേകം പെൺകുട്ടികളുടെ ജീവിതം തകരുമ്പോഴും ലൗ ജിഹാദ് ചില തല്പര കക്ഷികളുടെ ഭാവനാസൃഷ്ടിമാത്രമാണെന്നു പരസ്യപ്പെടുത്തുന്ന മാധ്യമങ്ങളാണിന്നുള്ളത്. ദീപികയും ചില ഓൺലൈൻ മാധ്യമങ്ങളും മാത്രമാണ് ഇതിന്റെ ഭീകരത വെളിച്ചത്തുകൊണ്ടുവന്നത്. പ്രണയം നടിച്ചും പീഡിപ്പിച്ചും മതം വളർത്താൻ ഇറങ്ങിത്തിരിച്ചിരിക്കുന്ന സാത്താന്റെ സന്തതികളെ തിരിച്ചറിയാൻ നമ്മുടെ പെൺകുട്ടികൾ പരാജയപ്പെടുന്നത് ബോധവത്കരണത്തിന്റെയും വിശ്വാസബോധ്യങ്ങളുടെയും കുറവുകൊണ്ടുതന്നെയാണ്.

ഈ സാഹചര്യത്തിലാണ് രക്തസാക്ഷികളുടെ ചുടുനിണത്തിന്റെ ചരിത്രമൊക്കെ പറഞ്ഞ് ഊറ്റംകൊള്ളുന്നതിലെ അസാംഗത്യം എന്റെ സുഹൃത്ത് ചൂണ്ടിക്കാണിച്ചത്. ക്രൈസ്തവചൈതന്യം കുടികൊള്ളുന്നത് പ്രതിസന്ധികളുടെ മുമ്പിൽ നിർവികാരതയോടെ നിന്ന് തല്ലുവാങ്ങി രക്തസാക്ഷിയാകുന്നതിലല്ല മറിച്ച് ധാർമ്മികബോധത്തോടെ അനീതിയെ ചെറുക്കുന്നതിലും അതുമൂലമുണ്ടാകുന്ന അനുഭവങ്ങളെ ക്ഷമയോടെ സ്വീകരിക്കുന്നതിലുമാണെന്നു നാം തിരിച്ചറിയണം. നിസംഗത പാപമാണെന്നും അതിനെ പുല്കി ജീവിക്കുന്നത് തിന്മയാണെന്നും നാം പഠിച്ചേ പറ്റൂ. അതോടൊപ്പം കൂദാശകളോടു ചേർന്നുജീവിച്ച് ജീവിതം യുദ്ധസന്നദ്ധമാക്കുകയും വേണം. സഭയുടെ മഹത്ത്വത്തെക്കുറിച്ചു ധ്യാനിക്കുന്ന പള്ളിക്കൂദാശാക്കാലത്തിൽ സഭയുടെ ശോഭ അനുഭവിച്ചുജീവിക്കാൻ നമുക്കു സാധിക്കട്ടെ.



# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ

മിനി വന്യംപറമ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

പന്ത്രണ്ടു നക്ഷത്രങ്ങളാൽ മുടിചൂടി ദൈവമഹത്ത്വമണിഞ്ഞ പരി. അമ്മേ, ദൈവദൂതന്മാരാലും വിശുദ്ധഗണങ്ങളാലും ത്രിയേകദൈവത്തെ അനവരതം പാടിപ്പുകഴ്ത്താൻ ഞങ്ങളും അർഹരാകുവാൻ പാപബന്ധങ്ങളിൽനിന്നും പാപസാഹചര്യങ്ങളിൽനിന്നും അകന്നുനില്ക്കാനുള്ള സഹായം നല്കുവാനായി ഞങ്ങളോടൊപ്പം എന്നും കൂടെ ഉണ്ടായിരിക്കണമെ.

**ഒന്നാം ദൈവരഹസ്യം - മറിയത്തിന്റെ അമലോത്ഭവത്തെ നമുക്കു ധ്യാനിക്കാം**

ദൈവപുത്രനു മാതാവായിരിക്കാൻ അനാദിയിലേ ജന്മപാപമില്ലാതെ മറിയത്തെ ദൈവം തിരഞ്ഞെടുത്തു. പരി. അമ്മേ, അങ്ങേ തിരുക്കുമാരൻ തന്റെ ഉത്ഥാനത്തിലൂടെ പാപത്തിന്റെയും മരണത്തിന്റെയും മേൽ വിജയംവരിച്ചുവല്ലോ. ഈ ലോകജീവിതയാഥാർത്ഥ്യങ്ങളിലൂടെ കടന്നുവരുന്ന പ്രതിസന്ധികളെയും തിന്മകളെയും വിശ്വാസപൂർവം നേരിടാനും അതിൽ വിജയം വരിച്ച് സ്വർഗമഹത്ത്വം പ്രാപിക്കാനുമുള്ള കൃപ അങ്ങേ തിരുക്കുമാരനിൽ നിന്നു ഞങ്ങൾക്കു നേടിത്തരണമെ.

**രണ്ടാം ദൈവരഹസ്യം - മറിയത്തിന്റെ സ്വർഗ്ഗാരോപണത്തെ നമുക്കു ധ്യാനിക്കാം**

സഹനത്തിന്റെ തീച്ചൂളയിൽ ശോധനചെയ്യപ്പെട്ട പരി. അമ്മേ, ദൈവഹിതത്തിനു സദാ അടിയറവച്ച് സകലപുണ്യങ്ങളുടെയും രാജ്ഞിയായി തീർന്നുവല്ലോ. ഞങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളിലും രോഗങ്ങളിലും ഞങ്ങൾ തളരാതെ ദൈവകുമാരന്റെ പീഡാസഹനങ്ങളോടു ചേർത്ത് അങ്ങയെപ്പോലെ എല്ലാം ഹൃദയത്തിൽ സംഗ്രഹിക്കാനും നഷ്ടധൈര്യരാകാതെ സ്വർഗ്ഗമഹത്ത്വം ലക്ഷ്യം വച്ച് മുന്നേറാനുമുള്ള കൃപയ്ക്കായി അങ്ങേ തിരുക്കുമാരനോടു മാധ്യസ്ഥ്യം അപേക്ഷിക്കണമെ.

**മൂന്നാം ദൈവരഹസ്യം - തിരുസഭ എന്നും മോദമോടെ വാഴ്ത്തുന്ന പരിശുദ്ധ അമ്മയെ ധ്യാനിക്കാം**

വെൺമേഘത്തിലും അഗ്നിസ്തംഭത്തിലും ദൈവത്തിന്റെ തിരുസാന്നിധ്യം പോലെയാണ് പരിശുദ്ധ അമ്മയുടെ ഉദരവും. ഹൃദയത്തിലും ഉദരത്തിലും വചനത്തെ ഉൾക്കൊണ്ട അമ്മേ, അനുദിന ജീവിതത്തിൽ ദൈവഹിതത്തെ കണ്ടെത്താനും അതിനു സദാ വിധേയപ്പെടാനും ഞങ്ങളെ സഹായിക്കണമെ. അതുവഴി വിശുദ്ധിയിലൂടെ ചരിച്ച് ദൈവപുത്രരായി തീരുവാനുള്ള വലിയ അനുഗ്രഹത്തിനായി പരിശുദ്ധ അമ്മേ അങ്ങേ, ദിവ്യപുത്രനോടു ഞങ്ങൾക്കായി നിരന്തരം പ്രാർത്ഥിക്കണമെ.

**നാലാം ദൈവരഹസ്യം - ത്രിലോക രാജ്ഞിയായി മുടിധരിപ്പിക്കപ്പെട്ട പരിശുദ്ധ മറിയത്തെ ധ്യാനിക്കാം**

ആത്മശരീരങ്ങളോടെ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ട പരിശുദ്ധ അമ്മയെ ത്രിലോകരാജ്ഞിയായി മുടിചൂടിക്കുന്നു. സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും രാജ്ഞിയായ പരിശുദ്ധ അമ്മേ, അന്ത്യവിധിക്കായി അങ്ങേ പുത്രൻ ആഗതനാകുമ്പോൾ വലത്തുഭാഗത്ത് അണിചേരാൻ ഞങ്ങളെ സഹായിക്കണമെ. ആത്മാവിൽ കളങ്കരഹിതരായി ജീവിച്ച്, ഈശോയ്ക്ക് സാക്ഷ്യംവഹിക്കാനും അങ്ങയോടൊപ്പം നിത്യം സ്വർഗ്ഗീയാനന്ദം അനുഭവിച്ച് അനവരതം ദൈവത്തെ സ്തുതിക്കാനുമുള്ള കൃപ അങ്ങേ ദിവ്യപുത്രനിലൂടെ ഞങ്ങൾക്കു വാങ്ങിത്തരണമെ.

**അഞ്ചാം ദൈവരഹസ്യം - മാനവകുലത്തിന്റെ അമ്മയായ പരി. മറിയത്തെ ധ്യാനിക്കാം**

മനുഷ്യകുലത്തിന്റെ മുഴുവൻ അമ്മയായി ഈശോ സ്വന്തം അമ്മയെ 'ഇതാ നിന്റെ അമ്മ' എന്ന് യോഹന്നാനിലൂടെ നമുക്കു തന്നു. തിരുസ്സഭയുടെ മാതാവായ പരി. അമ്മേ, അങ്ങേ തിരുക്കുമാരന്റെ മണവാട്ടിയായ തിരുസ്സഭയെ ശത്രുകരങ്ങളിൽനിന്നും എല്ലാ ആപത്തുകളിൽനിന്നും നിത്യം കാത്തുസംരക്ഷിക്കണമെ. സഭയോടു ചേർന്നുനില്ക്കാനും സഭാപ്രബോധനങ്ങൾക്കനുസൃതം ജീവിതം ക്രമീകരിക്കാനും സഹായിക്കണമെ. സ്വർഗരാജ്യത്തിലെ നിത്യവിരുന്നിൽ നിന്നോടൊപ്പം ഞങ്ങളും പങ്കുകാരാകാൻ നിത്യം അങ്ങേ തിരുക്കുമാരനോട് ഞങ്ങൾക്കായി പ്രാർത്ഥിക്കണമെ.

വി. മറിയം ത്രേസ്യായേ
ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ



"ചെറുപ്പം മുതലേ
ദൈവത്തെ സ്നേഹിക്കാനുള്ള
തീവ്രമായ ദാഹത്താൽ എന്റെ ആത്മാവ്
ഏറെ ക്ലേശിച്ചിരുന്നു"

വി. മറിയം ത്രേസ്യാ

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
RNI: KERMAL/2014/59983
Published on 24th October 2019

Registered: KL/KTM/72/2018-20
Licence No:KL/CR/KTM/WPP-22/2018-20
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"മഹത്ത്വത്തിന്റെ രാജാവായ മിശിഹായേ,
അനുനിമിഷം പരിശുദ്ധിയിലും
നിർമ്മലതയിലും ജീവിക്കുന്നതുവഴി
സ്വർഗ്ഗസൗഭാഗ്യത്തിന് അർഹരായിത്തീരുവാനും
ത്രിയേകദൈവത്തിന്റെ സംപൂജ്യനാമത്തെ
എന്നെന്നും കീർത്തിക്കുവാനും
ഞങ്ങളെ യോഗ്യരാക്കണമേ".
(പള്ളിക്കൂദാശക്കാലം, തിങ്കൾ–എന്താനാ)

Printed, Published & Owned by Annamma Kulathupurayidom, Spirituality Centre, Manganam P.O., Kottayam - 686 018, Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481- 2570862, Email; wigipress @ gmail. com and Published at Spirituality Centre, Manganam P.O, Kottayam - 686 018, Ph:0481- 2578192, Email: psmktm @ gmail com.
Editor : Fr. Mathew Vellanickal